# റോമർ

1 ക്രിസ്തുയേശുവിൻെറ ദാസനും സുവി
ശേഷത്തിനുവേണ്ടി വേർതിരിച്ചു വിളിക്ക
പ്പെട്ട അപ്പൊസ്തലനുമായ പൗലൊസ് ദൈവ
ത്തിനു പ്രിയരും വിളിക്കപ്പെട്ട വിശുദ്ധരുമായ
റോമിലുള്ള എല്ലാവർക്കും എഴുതുന്നത്.
2തൻെറ പുത്രനെക്കുറിച്ചുള്ള ഈ സുവി
ശേഷം, ദൈവം തൻെറ പ്രവാചകന്മാർ മുഖേന
മുമ്പു തിരുവെഴുത്തുകളിൽ വാഗ്ദാനം ചെയ്തി
ട്ടുള്ളതാണ്; 3ജഡം സംബന്ധിച്ചു ദാവീദിൻെറ
വംശത്തിൽ ജനിച്ചവനും, 4മരിച്ചവരിൽനിന്നു
ള്ള ഉയിർത്തെഴുന്നേല്പിനാൽ വിശുദ്ധിയുടെ
ആത്മാവു സംബന്ധിച്ചു, ദൈവപുത്രനെന്നു
ശക്തിയോടെ പ്രഖ്യാപിക്കപ്പെട്ടവനുമായ [a]
നമ്മുടെ കർത്താവായ യേശുക്രിസ്തു
വിനെക്കുറിച്ചുള്ളതാണ് ഈ സുവിശേഷം.
5അദ്ദേഹത്താൽ, അവിടുത്തെ നാമത്തിനു
വേണ്ടി സകലജനതകളുടെയും ഇടയിൽ വി
ശ്വാസത്തിന് അനുസരണം വരുത്തുവാനാണ്
ഞങ്ങൾക്കു കൃപയും അപ്പൊസ്തലത്വവും ലഭി
ച്ചത്. 6അവരിൽ യേശുക്രിസ്തുവിനായി വിളി
ക്കപ്പെട്ട നിങ്ങളും ഉൾപ്പെട്ടിരിക്കുന്നു. 7നമ്മുടെ
പിതാവായ ദൈവത്തിൽനിന്നും കർത്താവായ
യേശുക്രിസ്തുവിൽനിന്നും നിങ്ങൾക്കു
കൃപയും സമാധാനവും ഉണ്ടാകട്ടെ.

*റോം സന്ദർശിക്കുവാനുള്ള പൗലൊസിൻെറ
അഭിവാഞ്ഛ*

8നിങ്ങളുടെ വിശ്വാസം ലോകത്തിൽ എല്ലാ
യിടത്തും പ്രസിദ്ധമായിരിക്കുന്നതിനാൽ ഞാൻ
ആദ്യംതന്നേ നിങ്ങൾക്കെല്ലാവർക്കുംവേണ്ടി
യേശുക്രിസ്തു മുഖേന എൻെറ ദൈവത്തിനു
സ്തോത്രം ചെയ്യുന്നു. 9എൻെറ പ്രാർത്ഥനയിൽ
നിങ്ങളെ എപ്പോഴും ഓർത്തുകൊണ്ട്, എനിക്ക്
എപ്പോഴെങ്കിലും നിങ്ങളുടെയടുക്കൽ എത്തു
വാൻ ദൈവഹിതത്താൽ വഴി തുറന്നുകിട്ടണ
മെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. 10തൻെറ പുത്ര
നെക്കുറിച്ചുള്ള സുവിശേഷഘോഷണത്തിൽ
ഞാൻ സർവ്വാത്മനാ സേവിക്കുന്ന ദൈവം ഇതി
നു സാക്ഷി.

11നിങ്ങളെ ശക്തീകരിക്കുവാൻ എന്തെങ്കി
ലും ആത്മീയവരം നല്കുന്നതിനാണ് ഞാൻ
നിങ്ങളെ കാണുവാൻ അതിയായി ആഗ്രഹി
ക്കുന്നത് 12അങ്ങനെ എൻെറയും നിങ്ങളു
ടെയും വിശ്വാസത്താൽ നമുക്കു പരസ്പരം,
പ്രോത്സാഹനം, ലഭിക്കുവാനിടയാകും. 13സ
ഹോദരരേ, എനിക്കു മറ്റു ജനതകളിൽനിന്നെ
ന്നപോലെ നിങ്ങളിൽനിന്നും 'ഒരു വിളവെടുപ്പ്'
ഉണ്ടാകുന്നതിനു നിങ്ങളുടെ അടുക്കൽ വരു
വാൻ ഞാൻ പലതവണ ഒരുങ്ങി. എന്നാൽ ഇതു
വരെയും എനിക്കു തടസ്സം നേരിട്ടുകൊണ്ടി
രുന്നത് നിങ്ങൾ അറിയാതിരിക്കരുതെന്ന്
ഞാനാഗ്രഹിക്കുന്നു.
14ഗ്രീക്കുകാരെന്നോ ഗ്രീക്കുകാരല്ലാത്തവരെ
ന്നോ ജ്ഞാനികളെന്നോ മൂഢരെന്നോ ഭേദം
കൂടാതെ എല്ലാവർക്കും ഞാൻ കടപ്പെട്ടിരി
ക്കുന്നു. 15അതുകൊണ്ട് റോമിലുള്ള നിങ്ങളോ
ടും സുവിശേഷം അറിയിക്കുവാൻ ഞാൻ വാ
ഞ്ഛിക്കുന്നു.
16സുവിശേഷത്തെക്കുറിച്ചു ഞാൻ ലജ്ജി
ക്കുന്നില്ല; എന്തുകൊണ്ടെന്നാൽ വിശ്വസി
ക്കുന്ന എല്ലാവർക്കും, ആദ്യം യഹൂദനും പിന്നെ
യഹൂദേതരനും അതു രക്ഷയ്ക്കായി ദൈവ
ശക്തിയാകുന്നു. 17അതിൽ, ദൈവത്തിൻെറ നീ
തി വെളിപ്പെട്ടിരിക്കുന്നു. അതു വിശ്വാസത്തിൽ
നിന്നു വിശ്വാസത്തിലേക്കു നയിക്കുന്നതാണ്,
'നീതിമാൻ വിശ്വാസത്താൽ ജീവിക്കും[b]' എന്ന്
എഴുതിയിരിക്കുന്നതുപോലെ തന്നെ.

*മനുഷ്യൻെറ അധർമ്മത്തിനെതിരേ
ദൈവത്തിൻെറ കോപം*

18അധർമ്മംകൊണ്ടു സത്യത്തെ എതിർ
ക്കുന്ന സകല ദൈവനിഷേധത്തിനും ദു
ഷ്ടതയ്ക്കും എതിരേ ദൈവകോപം സ്വർഗ്ഗ
ത്തിൽനിന്നു വെളിപ്പെട്ടുകൊണ്ടിരിക്കുന്നു.
19ദൈവത്തെക്കുറിച്ച് അറിയാൻ സാധ്യമായ
തെല്ലാം അവർക്കു വ്യക്തമായിരിക്കുന്നു.
കാരണം ദൈവം അതെല്ലാം അവർക്കു
വെളിപ്പെടുത്തിക്കൊടുത്തിരിക്കുന്നു;

[a] 4 അഥവാ; *ദൈവപുത്രനാകുവാൻ ശക്തിയോടെ നിയമിക്കപ്പെട്ടവനായ* [b] 17 ഹബക്കൂക്ക് 2:4

20ലോകസൃഷ്ടിമുതൽ ദൈവത്തിന്റെ അദൃ
ശ്യമായ നിത്യശക്തിയും ദിവ്യസ്വഭാവവും അവി
ടുത്തെ സൃഷ്ടികളിലൂടെ കണ്ടു മനസ്സിലാക്കു
വാൻ അവർക്കു കഴിഞ്ഞിട്ടുണ്ട്. അതിനാൽ
മനുഷ്യനു യാതൊരു ഒഴികഴിവും പറയാൻ
സാധ്യമല്ല.

21അവർ ദൈവത്തെ അറിഞ്ഞിട്ടും ദൈവ
മെന്ന നിലയിൽ അവിടുത്തെ മഹത്ത്വപ്പെ
ടുത്തുകയോ നന്ദികാണിക്കുകയോ ചെയ്തി
ല്ല; അവരുടെ യുക്തിചിന്ത ഫലശൂന്യമായി;
അവരുടെ മൂഢഹൃദയം ഇരുളടഞ്ഞതായി;
22വിവേകികൾ എന്നു സ്വയം അവകാശ
പ്പെട്ടുവെങ്കിലും അവർ മൂഢരായിത്തീർന്നു;
23അനശ്വരനായ ദൈവത്തിനു നല്കേണ്ട
മഹത്ത്വം അവർ നശ്വരനായ മനുഷ്യന്റെയും
പക്ഷി, മൃഗം, ഇഴജന്തു എന്നിവയുടെയും സാ
ദൃശ്യത്തിലുള്ള രൂപങ്ങൾക്കു നല്കി.

24അതുകൊണ്ടു ദൈവം അവരെ, തങ്ങളുടെ
ഹൃദയത്തിലെ പാപമോഹങ്ങളിൽ, അന്യോ
ന്യം ശരീരങ്ങളെ നികൃഷ്ടമാക്കുന്ന ലൈംഗി
കാശുദ്ധിയിലേക്കു വിട്ടുകളഞ്ഞു. 25അവർ
ദൈവത്തിന്റെ സത്യത്തെ വ്യാജമാക്കി മാറ്റി;
സ്രഷ്ടാവിനെ ആരാധിക്കുന്നതിനുപകരം സൃ
ഷ്ടിയെ ആരാധിക്കുകയും സേവിക്കുകയും
ചെയ്തു. സ്രഷ്ടാവായ ദൈവം എന്നേക്കും വാ
ഴ്ത്തപ്പെട്ടവൻ, ആമേൻ.

26ഇതുനിമിത്തം ദൈവം അവരെ നികൃഷ്ട
മോഹങ്ങളിലേക്കു വിട്ടുകളഞ്ഞു. അവരുടെ സ്
ത്രീജനങ്ങൾപോലും സ്വാഭാവികവേഴ്ചയ്ക്കു
പകരം സ്വഭാവവിരുദ്ധമായതു സ്വീകരിച്ചു.
27അതുപോലെ, സ്ത്രീകളോടുള്ള സ്വാഭാവി
കബന്ധം ഉപേക്ഷിച്ച് പുരുഷന്മാരും കാമാ
സക്തരായി പരസ്പരം ഹീനകൃത്യങ്ങളിൽ മുഴു
കി; തങ്ങളുടെ ലൈംഗികവൈകൃതത്തിന്
യോഗ്യമായ ശിക്ഷ അവർക്കു ലഭിക്കുകയും
ചെയ്തു.

28ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ
നിലനില്ക്കുന്നത് ഉചിതമെന്ന് അവർ കരുതി
യില്ല. അതുകൊണ്ട് ദൈവം അവരെ, അരുതാ
ത്തതു ചെയ്യുന്ന അധമബുദ്ധിയിലേക്കു വിട്ടു
കളഞ്ഞു. 29അവർ എല്ലാവിധ അധർമ്മവും ദോ
ഷവും അത്യാഗ്രഹവും നികൃഷ്ടതയും
നിറഞ്ഞവരാണ്; അസൂയ, കൊലപാതകം,
ശണ്ഠ, വഞ്ചന, ദുഷ്ടത എന്നിവയാൽ നിറ
ഞ്ഞവർ. 30വ്യർത്ഥസംസാരക്കാരും പരദൂഷക
രും ദൈവദ്വേഷികളും നിഷ്ഠുരരും ഗർവ്വിഷ്ഠരും
ആത്മപ്രശംസക്കാരുമത്രേ അവർ; തിന്മയുടെ
പുതിയ വഴികൾ അവർ കണ്ടുപിടിക്കുന്നു.

31അവർ മാതാപിതാക്കളെ അനുസരിക്കാ
ത്തവരും അവിവേകികളും വിശ്വാസവഞ്ചകരും
ഹൃദയശൂന്യരും നിർദ്ദയരും ആണ്. 32ഇങ്ങനെ
യുള്ളവർ മരണയോഗ്യർ എന്ന ദൈവകല്പന
അറിഞ്ഞിട്ടും അവർ ഇക്കാര്യങ്ങൾതന്നേ തു
ടർന്നു ചെയ്യുകയും അപ്രകാരം ചെയ്യുന്നവരെ
അംഗീകരിക്കുകയും ചെയ്യുന്നു.

### *ദൈവത്തിന്റെ നീതിയുള്ള ന്യായവിധി*

2 ആകയാൽ മറ്റുള്ളവനെ വിധിക്കുന്ന
മനുഷ്യാ, നീ ആരായാലും നിനക്ക് ഒഴി
കഴിവൊന്നുമില്ല; കാരണം നീ ഏതു കാര്യത്തി
നു മറ്റൊരാളെ വിധിക്കുന്നുവോ അതേകാ
ര്യത്തിൽ നിന്നെത്തന്നേ കുറ്റം വിധിക്കുന്നു. വി
ധിക്കുന്ന നീ അതേകാര്യം പ്രവർത്തിക്കുന്നുവ
ല്ലോ. 2ഇത്തരം കാര്യങ്ങൾ പ്രവർത്തിക്കുന്ന
വർക്കെതിരായുള്ള ദൈവത്തിന്റെ ന്യായവി
ധി സത്യത്തിൽ അധിഷ്ഠിതമാണെന്ന് നമുക്കറി
യാം. 3അതുകൊണ്ട് അന്യരെ വിധിക്കുകയും
അതേകാര്യങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്ന
വെറുമൊരു മനുഷ്യനായ നീ ദൈവത്തിന്റെ
ന്യായവിധിയിൽനിന്നും തെറ്റി ഒഴിയാമെന്ന്
ചിന്തിക്കുന്നുവോ? 4ദൈവത്തിന്റെ ദയ നിന്നെ
മാനസാന്തരത്തിലേക്കു നയിക്കുന്നുവെന്നറി
യാതെ നീ അവിടുത്തെ സമൃദ്ധമായ കരുണ,
സഹിഷ്ണുത, ദീർഘക്ഷമ എന്നിവയെ അവ
ഗണിക്കുന്നുവോ?

5നിന്റെ ശാഠ്യവും, അനുതാപമില്ലാത്ത ഹൃ
ദയവും നിമിത്തം ദൈവത്തിന്റെ നീതിയുള്ള
വിധി വെളിപ്പെടുന്ന ക്രോധദിവസത്തേക്കു നീ
നിനക്കുതന്നേ ദൈവക്രോധം ശേഖരിച്ചു
വയ്ക്കുകയാണു ചെയ്യുന്നത്. 6ദൈവം "ഓരോ
രുത്തനും അവനവൻ ചെയ്തിട്ടുള്ളതിനു
തക്കവണ്ണം പകരം നല്കും.[a] " 7നിരന്തരം നന്മ
ചെയ്തുകൊണ്ടു മഹത്ത്വവും മാനവും അനശ്വ
രതയും അന്വേഷിക്കുന്നവർക്ക് അവിടുന്നു നി
ത്യജീവൻ നല്കും. 8എന്നാൽ സ്വാർത്ഥം തേടു
കയും സത്യം നിരസിച്ചു തിന്മ പിൻതുടരുകയും
ചെയ്യുന്നവർക്കെതിരേ കോപവും ക്രോധവും
ഉണ്ടാകും. 9തിന്മ ചെയ്യുന്ന ഏതു മനുഷ്യനും,
ആദ്യം യഹൂദനും പിന്നെ വിജാതീയനും,
കഷ്ടതയും യാതനയും ഉണ്ടാകും. 10എന്നാൽ
നന്മ പ്രവർത്തിക്കുന്ന ഏവർക്കും, ആദ്യം യഹൂ
ദനും പിന്നെ വിജാതീയനും, മഹത്ത്വവും ബഹു
മാനവും സമാധാനവും ലഭിക്കും; 11ദൈവത്തി
നു പക്ഷഭേദമില്ലല്ലോ.

12ന്യായപ്രമാണം ലഭിക്കാതെ പാപം ചെയ്ത
വരെല്ലാം ന്യായപ്രമാണം കൂടാതെതന്നേ നശി
ക്കും. ന്യായപ്രമാണം ഉണ്ടായിട്ടും, പാപം
ചെയ്തവരെല്ലാം ന്യായപ്രമാണത്താൽ വിധി
ക്കപ്പെടും. 13ന്യായപ്രമാണം കേൾക്കുന്നവരല്ല
ദൈവസന്നിധിയിൽ നീതിമാന്മാർ; അതനുസരി

[a] 6 സങ്കീർത്തനം 62:2, സുഭാഷിതങ്ങൾ 24:12

ക്കുന്നവരാണു നീതിമാന്മാരായി അംഗീകരിക്ക
പ്പെടുന്നത്. 14ന്യായപ്രമാണം ഇല്ലാത്തവരായ
വിജാതീയർ ന്യായപ്രമാണം അനുശാസിക്കുന്ന
കാര്യങ്ങൾ സ്വാഭാവികമായി ചെയ്യുമ്പോൾ
അവർ തങ്ങൾക്കുതന്നേ ഒരു ന്യായപ്രമാണമാ
യിത്തീരുന്നു. 15അവരുടെ മനസ്സാക്ഷി ഇതിനു
സാക്ഷ്യം വഹിച്ചും അവരുടെ ചിന്തകൾ അവ
രെ കുറ്റപ്പെടുത്തുകയോ നീതീകരിക്കുകയോ
ചെയ്തുംകൊണ്ടു ന്യായപ്രമാണം നിർദ്ദേശി
ക്കുന്ന കാര്യങ്ങൾ തങ്ങളുടെ ഹൃദയത്തിൽ
എഴുതപ്പെട്ടിരിക്കുന്നതായി അവർ വ്യക്തമാ
ക്കുന്നു. 16ദൈവം സകലമനുഷ്യരുടെയും
രഹസ്യങ്ങളെ ഞാൻ പ്രസംഗിക്കുന്ന സു
വിശേഷത്തിനനുസരണമായി യേശുക്രിസ്തു
വിലൂടെ ന്യായം വിധിക്കുന്ന ദിവസത്തിൽ ഇതു
സംഭവിക്കും

*യഹൂദരും ന്യായപ്രമാണവും*

17എന്നാൽ നീ നിന്നെത്തന്നേ യഹൂദൻ
എന്നു വിളിക്കുന്നു; ന്യായപ്രമാണത്തിൽ ആ
ശ്രയിച്ചുകൊണ്ടു ദൈവത്തോടുള്ള ബന്ധത്തെ
ക്കുറിച്ചു നീ ആത്മപ്രശംസ ചെയ്യുന്നു. 18ന്യാ
യപ്രമാണത്തിൽനിന്നു പഠിച്ചതിൻെറ ഫലമാ
യ ദൈവഹിതം തിരിച്ചറിയുകയും ശ്രേഷ്ഠമാ
യത് അംഗീകരിക്കുകയും ചെയ്യുന്നു; 19ന്യായ
പ്രമാണത്തിൽനിന്നു ജ്ഞാനത്തിൻെറയും
സത്യത്തിൻെറയും സാരാംശം ലഭിച്ചിട്ടുള്ളതു
കൊണ്ടു നീ കുരുടർക്കു വഴികാട്ടിയും ഇരുട്ടി
ലുള്ളവർക്കു വെളിച്ചവും 20മൂഢർക്കു അദ്ധ്യാ
പകനും ശിശുക്കൾക്ക് ഉപദേഷ്ടാവും ആണെ
ന്നു നീ ഭാവിക്കുന്നു. 21ഇതു വാസ്തവമെങ്കിൽ,
അന്യരെ ഉപദേശിക്കുന്ന നീ എന്തുകൊണ്ട്
നിന്നെത്തന്നേ ഉപദേശിക്കുന്നില്ല? മോഷ്ടി
ക്കരുത് എന്നു പ്രസംഗിക്കുന്ന നീ മോഷ്ടിക്കു
ന്നുവോ? 22വ്യഭിചാരം ചെയ്യരുത് എന്നു ജനങ്ങ
ളോടു പറയുന്ന നീ വ്യഭിചാരം ചെയ്യുന്നുവോ?
വിഗ്രഹങ്ങളെ വെറുക്കുന്ന നീ ക്ഷേത്രങ്ങൾ
കൊള്ള ചെയ്യുന്നുവോ? 23ന്യായപ്രമാണ
ത്തെപ്പറ്റി ആത്മപ്രശംസ ചെയ്യുന്ന നീ ന്യായ
പ്രമാണം ലംഘിച്ചുകൊണ്ട് ദൈവത്തെ അപമാ
നിക്കുന്നുവോ? 24"നിങ്ങൾനിമിത്തം ദൈവ
നാമം വിജാതീയരുടെയിടയിൽ നിന്ദിക്ക
പ്പെടുന്നു[a] " എന്നെഴുതിയിരിക്കുന്നുവല്ലോ!
25നീ ന്യായപ്രമാണം പാലിക്കുന്നുവെങ്കിൽ പരി
ച്ഛേദനം പ്രയോജനമുള്ളതാകും; ന്യായപ്രമാ
ണം ലംഘിച്ചാൽ നീ പരിച്ഛേദനമേല്ക്കാത്ത
വനു തുല്യനാകും. 26പരിച്ഛേദനം സ്വീകരി
ച്ചിട്ടില്ലാത്തവർ ന്യായപ്രമാണത്തിലെ വിധികൾ
അനുസരിക്കുന്നുവെങ്കിൽ പരിച്ഛേദന മു
ള്ളവരെപ്പോലെ അവർ പരിഗണിക്കപ്പെടു
കയില്ലേ? 27നിനക്ക് എഴുതപ്പെട്ട ന്യായപ്രമാ
ണവും പരിച്ഛേദനവും ഉണ്ടെങ്കിൽതന്നെയും
നീ ന്യായപ്രമാണം ലംഘിക്കുന്നുവെങ്കിൽ, ശാരീ
രികമായി പരിച്ഛേദനം ഏല്ക്കാതെതന്നേ
ന്യായപ്രമാണം അനുസരിക്കുന്നവൻ നിന്നെ
കുറ്റം വിധിക്കും.

28പുറമേ യഹൂദനായിരിക്കുന്നവൻ യഹൂ
ദനല്ല; യഥാർത്ഥ പരിച്ഛേദനം കേവലം ബാ
ഹ്യവും ശാരീരികവും അല്ല. 29അകമേ യഹൂ
ദനായവൻ മാത്രമാണു യഹൂദൻ; അക്ഷരാ
ർത്ഥത്തിലുള്ളതല്ല, ആത്മാവിനാൽ ഹൃദയത്തി
ലുണ്ടാകുന്നതാണ് ശരിയായ പരിച്ഛേദനം.
അതുള്ളവനു മനുഷ്യരിൽനിന്നല്ല, ദൈവത്തിൽ
നിന്നുതന്നേ പുകഴ്ച ലഭിക്കും.

*ദൈവത്തിൻെറ വിശ്വസ്തത*

3 അങ്ങനെയെങ്കിൽ യഹൂദന് എന്താണു
മേന്മ? അഥവാ പരിച്ഛേദനംകൊണ്ട്
എന്തുപ്രയോജനം? 2എല്ലാവിധത്തിലും വള
രെയുണ്ട്: ഒന്നാമത്, ദൈവത്തിൻെറ അരുളപ്പാ
ടുകൾ അവരെ ഭരമേല്പിച്ചിരിക്കുന്നു എന്നതു
തന്നേ. 3ചിലർ വിശ്വസിച്ചില്ലെങ്കിൽ അതുകൊ
ണ്ടെന്ത്? അവരുടെ വിശ്വാസരാഹിത്യം ദൈവ
ത്തിൻെറ വിശ്വസ്തതയെ നിഷ്ഫലമാക്കുമോ?
4ഒരിക്കലുമില്ല! എല്ലാ മനുഷ്യരും വ്യാജം
പറയുന്നവരാണെങ്കിലും ദൈവം സത്യവാൻ
ആയിരിക്കട്ടെ.

"അങ്ങയുടെ വാക്കുകളിൽ അങ്ങ്
നീതിമാനെന്ന് തെളിയിക്കപ്പെടുവാനും
ന്യായവിസ്താരത്തിൽ അങ്ങ് വിജയി
ക്കുവാനും[b] "

എന്ന് എഴുതിയിരിക്കുന്നുവല്ലോ!

5 എന്നാൽ നമ്മുടെ അനീതി ദൈവത്തിൻെറ
നീതിയെ വ്യക്തമാക്കുന്നുവെങ്കിൽ നാം എന്തു
പറയും? തൻെറ കോപം നമ്മുടെമേൽ വരുത്തു
ന്നതുകൊണ്ട് ദൈവം അനീതിയുള്ളവൻ
എന്നോ? (മാനുഷികമായ ഒരു വാദം ഞാൻ
ഉന്നയിക്കുകയാണ്.) 6ഒരിക്കലുമല്ല, അങ്ങ
നെയെങ്കിൽ, ദൈവം എങ്ങനെ ലോകത്തെ വി
ധിക്കും? 7"എൻെറ അസത്യം ദൈവത്തിൻെറ
സത്യത്തെ പരിപോഷിപ്പിച്ച് അവിടുത്തെ
മഹത്ത്വം വർദ്ധിപ്പിക്കുന്നുവെങ്കിൽ, എന്നെയൊ
രു പാപിയെന്നു വിധിക്കുന്നതെന്തിന്?" എന്ന്
ചിലർ വാദിച്ചേക്കാം, 8അങ്ങനെയെങ്കിൽ,
"നന്മവരേണ്ടതിന് നമുക്കു തിന്മ പ്രവർത്തിക്കാം"
എന്നുകൂടി പറയരുതോ? ഞങ്ങൾ ഇങ്ങനെ പ
റയുന്നതായി ചിലർ ആരോപിക്കുന്നു; അവ
ർക്കു വരുന്ന ശിക്ഷാവിധി നീതിയുക്തംതന്നേ.

[a] 24 യെശയ്യാവ് 52:5; യെഹസ്കേൽ 36:22 [b] 4 സങ്കീർത്തനം 51:4

*നീതിമാൻ ആരുമില്ല*

9അതുകൊണ്ടെന്ത്? യഹൂദരായ നമുക്ക് എ
ന്തെങ്കിലും മേന്മയുണ്ടോ[a] ? ഒന്നുംതന്നേയില്ല.
നാം മുമ്പുപറഞ്ഞതുപോലെ യഹൂദരും വിജാ
തീയരുമെല്ലാം ഒരുപോലെ പാപത്തിന് അധീ
നരാണ്.

10"നീതിമാൻ ആരുമില്ല,
ഒരുവൻ പോലുമില്ല.
11ഗ്രഹിക്കുന്നവൻ ആരുമില്ല,
ദൈവത്തെ അന്വേഷിക്കുന്നവ
നുമില്ല. 12എല്ലാവരും വഴിതെറ്റി
ഒന്നടങ്കം കൊള്ളരുതാത്തവരാ
യിത്തീർന്നിരിക്കുന്നു; നന്മ
ചെയ്യുന്നവൻ ആരുമില്ല,
ഒരാൾപോലുമില്ല.[b]"

13"അവരുടെ തൊണ്ട തുറന്ന ശവ
ക്കുഴി; അവരുടെ നാവു വഞ്ചന പ്രവർ
ത്തിക്കുന്നു; അവരുടെ അധരങ്ങളിൽ
അണലിവിഷമുണ്ട്.[c]"

14"ശാപവും കയ്പും അവരുടെ
വായിൽ നിറഞ്ഞിരിക്കുന്നു.[d]"

15"അവരുടെ കാലുകൾ രക്തം
ചൊരിയാൻ തിടുക്കം കൂട്ടുന്നു.
16നാശവും ദുരിതവും അവരുടെ
പാതകളിൽ ഉണ്ട്.
17സമാധാനത്തിൻെറ മാർഗ്ഗം
അവർ അറിയുന്നില്ല.[e]"
18"അവരുടെ ദൃഷ്ടിയിൽ
ദൈവഭയമില്ല"[f]

എന്നിങ്ങനെ എഴുതിയിരിക്കുന്നുവല്ലോ!
19ന്യായപ്രമാണം പറയുന്നതെല്ലാം അതിനു
കീഴിലുള്ളവരോടാണ് എന്നു നമുക്കറിയാം.
എല്ലാ അധരങ്ങളും നിശ്ശബ്ദമാകുവാനും ലോ
കം മുഴുവൻ ദൈവത്തോട് ഉത്തരവാദിത്വപ്പെട്ടി
രിക്കുന്നുവെന്ന് വ്യക്തമാക്കുവാനുംതന്നേ.
20അതിനാൽ ന്യായപ്രമാണം അനുഷ്ഠി
ക്കുന്നതുകൊണ്ട് ആരും അവിടുത്തെമുമ്പിൽ
നീതിമാനാവുകയില്ല; ന്യായപ്രമാണം മുഖേന
ലഭിക്കുന്നത് പാപത്തെക്കുറിച്ചുള്ള ബോധം
മാത്രമാണ്.

*വിശ്വാസത്തിലൂടെ നീതീകരണം*

21എന്നാൽ ഇപ്പോഴാകട്ടെ, ദൈവത്തിൽ
നിന്നുള്ള നീതി ന്യായപ്രമാണംകൂടാതെ പ്രത്യ
ക്ഷമായിരിക്കുന്നു: ന്യായപ്രമാണവും പ്രവാ
ചകന്മാരും അതിനു സാക്ഷ്യം വഹിക്കുന്നുണ്ട്.
22ദൈവത്തിൽനിന്നുള്ള ഈ നീതി, വിശ്വസി
ക്കുന്ന എല്ലാവർക്കും യേശുക്രിസ്തുവിലുള്ള
വിശ്വാസത്താലാണു ലഭ്യമാകുന്നത്. 23ഒരു വ്യ
ത്യാസവുമില്ല, എല്ലാവരും പാപം ചെയ്തു ദൈവ
തേജസ്സിൽനിന്ന് അകന്നുപോയിരിക്കുന്നു.
24എങ്കിലും അവിടുത്തെ കൃപയാൽ, ക്രി
സ്തുയേശു മുഖേനയുള്ള വീണ്ടെടുപ്പിലൂടെ
അവർ സൗജന്യമായി നീതീകരിക്കപ്പെടുന്നു.
25യേശുവിനെ പാപപരിഹാരയാഗമാകുവാൻ
ദൈവം നിയോഗിച്ചു. അവിടുത്തെ രക്തത്തി
ലുള്ള വിശ്വാസത്താലാണ് അതു ഫലപ്രദമാ
കുന്നത്. തൻെറ നീതി വെളിപ്പെടുത്തുന്നതി
നാണു ദൈവം അങ്ങനെ ചെയ്തത്. മുൻകാ
ലപാപങ്ങൾക്കു ദൈവം ശിക്ഷ വിധിച്ചില്ലെങ്കി
ലും 26അവിടുന്നു സ്വയം നീതിമാനാണെന്നും
യേശുവിൽ വിശ്വസിക്കുന്നവരെ നീതീകരി
ക്കുന്നുവെന്നും ഇവിടെ വ്യക്തമാകുന്നു.
27അങ്ങനെയെങ്കിൽ പ്രശംസ എവിടെ? അതു
നീങ്ങിപ്പോയിരിക്കുന്നു. ഏതു പ്രമാണത്തിൻെറ
അടിസ്ഥാനത്തിൽ? കർമ്മങ്ങൾ അനുഷ്ഠി
ക്കുന്നതിലൂടെയോ? അല്ല, വിശ്വാസത്തിൻെറ
അടിസ്ഥാനത്തിൽതന്നേ. 28അങ്ങനെ ന്യായ
പ്രമാണത്തിൻെറ അനുഷ്ഠാനം കൂടാതെ വി
ശ്വാസത്താൽതന്നേ മനുഷ്യൻ നീതികരിക്ക
പ്പെടുന്നു എന്നു നാം നിർണ്ണയിക്കുന്നു.
29ദൈവം യഹൂദരുടെമാത്രം ദൈവമോ? അവി
ടുന്നു യഹൂദരല്ലാത്തവരുടെയും ദൈവം അല്ല
യോ? അതേ, അവിടുന്ന് അവരുടെയും ദൈവമാ
ണ്. 30ദൈവം ഒരുവൻമാത്രമല്ലോ; പരിച്
ഛേദനം ഏറ്റവരെ അവിടുന്നു വിശ്വാസത്താൽ
നീതീകരിക്കുന്നു. അതേ വിശ്വാസത്താൽ പരി
ച്ഛേദനം ഏല്ക്കാത്തവരെയും അവിടുന്നു നീ
തീകരിക്കുന്നു. 31അപ്പോൾ, നാം വിശ്വാ
സത്താൽ ന്യായപ്രമാണത്തെ നിഷ്ഫലമാ
ക്കുന്നുവോ? ഒരിക്കലുമില്ല, നാം ന്യായപ്രമാണ
ത്തെ ഉറപ്പിക്കുകയത്രേ ചെയ്യുന്നത്.

*അബ്രാഹാം വിശ്വാസത്താൽ*
*നീതീകരിക്കപ്പെടുന്നു*

4 അങ്ങനെയെങ്കിൽ, നമ്മുടെ പൂർവ്വപിതാ
വായ അബ്രാഹാമിൻെറ അനുഭവത്തെപ്പറ്റി
നമുക്ക് എന്തു പറയാം? 2അബ്രാഹാം നീതീ
കരിക്കപ്പെട്ടതു പ്രവൃത്തികളാൽ ആയിരുന്നെ
ങ്കിൽ അദ്ദേഹത്തിനു പ്രശംസിക്കുവാൻ വകയു
ണ്ടായിരുന്നു. എന്നാൽദൈവസന്നിധിയിൽ
അതിനു വകയില്ല, 3തിരുവെഴുത്ത് എന്തു
പറയുന്നു?"അബ്രാഹാം ദൈവത്തിൽ വിശ്വസി
ച്ചു, അത് അദ്ദേഹത്തിനു നീതിയായി പരിഗണി
ക്കപ്പെട്ടു[g]" എന്നുതന്നെ.
4പണിയെടുക്കുന്നവനു കൂലി ദാനമായിട്ടല്ല

[a] 9 അഥവാ *കുറവുണ്ടോ?* [b] 12 സങ്കീർത്തനം 14:1-3; സഭാപ്രസംഗി 7:20 [c] 13 സങ്കീർത്തനം5:9
[d] 14 സങ്കീർത്തനം 10:7 [e] 17 യെശയ്യാവ്59:7.8 , [f] 18 സങ്കീർത്തനം 36:1 [g] 3 ഉല്പത്തി 15:6; 22-ാം വാക്യവും
കാണുക.

അവകാശമായിട്ടാണു പരിഗണിക്കുന്നത്.
5എന്നാൽ പാപിയെ നീതീകരിക്കുന്ന ദൈവ
ത്തിൽ വിശ്വസിക്കുന്നവന് അവൻ കർമ്മങ്ങൾ
ചെയ്യാത്തവനെങ്കിലും, അവന്റെ വിശ്വാസം നീ
തിയായി പരിഗണിക്കപ്പെടുന്നു. 6കർമ്മങ്ങൾ
പരിഗണിക്കാതെ ദൈവം നീതിമാനായി അംഗീ
കരിക്കുന്ന മനുഷ്യന്റെ അനുഗൃഹീതാവസ്ഥ
യെപ്പറ്റി ദാവീദും ഇപ്രകാരം പറയുന്നു:

7"ലംഘനം ക്ഷമിച്ചും പാപം മറച്ചും
കിട്ടിയവർ അനുഗൃഹീതർ,
8കർത്താവ് ഒരിക്കലും പാപം കണക്കി
ടാത്ത മനുഷ്യൻ അനുഗൃഹീതൻ.[a]"

9അപ്പോൾ ഈ അനുഗ്രഹം പരിച്ഛേദന
മേറ്റവർക്കു മാത്രമോ? അതോ, പരിച്ഛേദനം
ഇല്ലാത്തവർക്കും കൂടിയുള്ളതോ? അബ്രാഹാ
മിന്റെ വിശ്വാസം അദ്ദേഹത്തിനു നീതിയായി
പരിഗണിക്കപ്പെട്ടു എന്നാണല്ലോ നാം പറയു
ന്നത്. 10ഏതു സാഹചര്യത്തിലാണ് അങ്ങനെ
പരിഗണിക്കപ്പെട്ടത്? പരിച്ഛേദനം ഏറ്റതിനു
ശേഷമോ അതിനുമുമ്പോ? ശേഷമല്ല, മുമ്പുത
ന്നേ. 11പരിച്ഛേദനം ഏല്ക്കുന്നതിനുമുമ്പു
തന്നേ അദ്ദേഹത്തിനു വിശ്വാസത്താലുണ്ടായ
നീതീകരണത്തിന്റെ മുദ്രയായിട്ടാണ് പരി
ച്ഛേദനം എന്ന അടയാളം ലഭിച്ചത്. പരി
ച്ഛേദനം ഏറ്റിട്ടില്ലാത്തവരെങ്കിലും വിശ്വാ
സത്താൽ നീതീകരിക്കപ്പെടുന്ന എല്ലാവർക്കും
അദ്ദേഹം പിതാവായിത്തീരുക എന്നതായിരുന്നു
അതിന്റെ ഉദ്ദേശ്യം. 12പരിച്ഛേദനം ഏറ്റവർ
ക്കും അദ്ദേഹം പിതാവാകുന്നു. അത് അവർ
പരിച്ഛേദനം ഏറ്റതു കൊണ്ടുമാത്രമല്ല,
നമ്മുടെ പിതാവായ അബ്രാഹാമിനു പരി
ച്ഛേദനം ഏല്ക്കുന്നതിനു മുമ്പുണ്ടായിരുന്ന
വിശ്വാസത്തിന്റെ മാതൃക പിന്തുടരുന്നതു
കൊണ്ടത്രേ.

13ലോകാവകാശിയായിത്തീരുമെന്നുള്ള വാ
ഗ്ദാനം അബ്രാഹാമിനും അദ്ദേഹത്തോടൊപ്പം
തന്റെ സന്തതിക്കും ന്യായപ്രമാണത്തിലൂ
ടെയല്ല, വിശ്വാസത്താലുള്ള നീതിയിലൂടെയാ
ണ് ലഭിച്ചത്. 14ന്യായപ്രമാണം പിന്തുടരുന്നവരാ
ണ് അവകാശികളെങ്കിൽ, വിശ്വാസം വിലയി
ല്ലാത്തതും വാഗ്ദാനം വ്യർത്ഥവുമാണ്. 15എ
ന്തെന്നാൽ ന്യായപ്രമാണം കോപത്തിന് കാ
രണമാകുന്നു. ന്യായപ്രമാണമില്ലാത്തേടത്തു
ലംഘനവുമില്ല.

16അതുകൊണ്ട്, വാഗ്ദാനം നല്കപ്പെടു
ന്നതു വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാ
ണ്; അങ്ങനെ വാഗ്ദാനം കൃപയാലുള്ളതെന്നും
അബ്രാഹാമിന്റെ സന്തതികൾക്കെല്ലാം, ന്യാ
യപ്രമാണമുള്ളവർക്കു മാത്രമല്ല, അബ്രാഹാ
മിന്റെ വിശ്വാസമുള്ളവർക്കുംകൂടെ- ഉറപ്പായി
നല്കപ്പെട്ട അവകാശമാണെന്നും വരുന്നു. അ
ദ്ദേഹം നമ്മുടെ എല്ലാവരുടെയും പിതാവാണ്.
17"ഞാൻ നിന്നെ അനേകം ജനതകളുടെ പിതാ
വാക്കിയിരിക്കുന്നു[b]" എന്ന് എഴുതിയിരിക്കുന്നു
വല്ലോ! താൻ വിശ്വസിച്ച ദൈവത്തിന്റെ ദൃ
ഷ്ടിയിൽ, മരിച്ചവരെ ജീവിപ്പിക്കുകയും
ഇല്ലാത്തവയെ ഉള്ളവയെപ്പോലെ വിളിക്കു
കയും ചെയ്യുന്ന ദൈവത്തിന്റെ ദൃഷ്ടിയിൽ
ത്തന്നേ, അദ്ദേഹം നമ്മുടെ പിതാവാകുന്നു.

18"നിന്റെ സന്തതി ഇങ്ങനെ ആകും[c]" എന്നു
തന്നോട് അരുളിച്ചെയ്തതു, സകല ആശയ്ക്കും
വിപരീതമായി ആശയോടെ അബ്രാഹാം വിശ്വ
സിക്കുകയും അങ്ങനെ അനവധി ജനതകളുടെ
പിതാവായിത്തീരുകയും ചെയ്തു. 19അബ്രാഹാ
മിന് ഏകദേശം നൂറുവയസ്സു പ്രായമുണ്ടായി
രുന്നതിനാൽ അദ്ദേഹത്തിന്റെ ശരീരം മൃത
പ്രായമായിരുന്നു. സാറായുടെ ഗർഭപാത്രവും
നിർജ്ജീവമായിരുന്നു. എന്നിട്ടും അദ്ദേഹം വി
ശ്വാസത്തിൽ ക്ഷീണിച്ചില്ല. 20ദൈവത്തിന്റെ
വാഗ്ദാനത്തെക്കുറിച്ച്, അവിശ്വാസത്താൽ
ചഞ്ചലപ്പെടാതെ, 21ദൈവം വാഗ്ദാനം
ചെയ്തതു നിവർത്തിപ്പാൻ ദൈവം
ശക്തനാണെന്നുള്ള പൂർണ്ണബോധ്യത്തോടെ,
അദ്ദേഹം വിശ്വാസത്തിൽ ശക്തിപ്പെട്ടു ദൈവ
ത്തെ മഹത്ത്വപ്പെടുത്തി. 22അങ്ങനെ "അത് അ
ദ്ദേഹത്തിനു നീതിയായി പരിഗണിക്കപ്പെട്ടു."
23"നീതിയായി പരിഗണിക്കപ്പെട്ടു" എന്ന വാ
ക്കുകൾ അദ്ദേഹത്തിനു വേണ്ടി മാത്രമല്ല നമു
ക്കുവേണ്ടിയുംകൂടെയാണ് എഴുതപ്പെട്ടിരി
ക്കുന്നത്. 24കർത്താവായ യേശുവിനെ മരി
ച്ചവരുടെ ഇടയിൽനിന്ന് ഉയിർപ്പിച്ചവനിൽ വി
ശ്വസിക്കുന്ന നമുക്കുവേണ്ടിയും ഇതു പരിഗ
ണിക്കപ്പെടും. 25അവിടുന്ന് നമ്മുടെ പാപങ്ങൾ
നിമിത്തം മരണത്തിന് ഏല്പിക്കപ്പെടുകയും
നമ്മുടെ നീതീകരണത്തിനായി ഉയിർപ്പിക്ക
പ്പെടുകയും ചെയ്തുവല്ലോ.

*സമാധാനവും, സന്തോഷവും*

5 അതുകൊണ്ട്,വിശ്വാസത്താൽ നീതീക
രിക്കപ്പെട്ടിട്ടു നമ്മുടെ കർത്താവായ യേ
ശുക്രിസ്തുമുഖേന നമുക്കു ദൈവത്തോടു
സമാധാനം ഉണ്ട്. 2അദ്ദേഹത്തിലൂടെയാണ് നാം
ഇപ്പോൾ നില്ക്കുന്ന ഈ കൃപയിലേക്കു നമു
ക്കു പ്രവേശനം ലഭിച്ചിരിക്കുന്നത്. ദൈവതേജ
സ്സിന്റെ പ്രത്യാശയിൽ നാം ആനന്ദിക്കുന്നു.
3അതുമാത്രമല്ല, നമ്മുടെ കഷ്ടതയിലും നാം
ആനന്ദിക്കുന്നു. 4എന്തുകൊണ്ടെന്നാൽ
കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത
പരിപക്വതയെയും പരിപക്വത പ്രത്യാശയെയും
ഉളവാക്കുന്നു എന്നും നാം അറിയുന്നു. 5പ്രത്യാ

[a] 8 സങ്കീർത്തനം 32:1,2 [b] 17 ഉൽപത്തി 17:5 [c] 18 ഉൽപത്തി 15:5

ശ നമ്മെ ലജ്ജിതരാക്കുന്നില്ല; ദൈവസ്നേഹം,
താൻ നമുക്കു നല്കിയ പരിശുദ്ധാത്മാവിനാൽ,
നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ.
6നാം ശക്തിഹീനരായിരുന്നപ്പോൾത്തന്നേ
ക്രിസ്തു തക്കസമയത്ത് അധർമ്മികൾക്കു
വേണ്ടി മരിച്ചു. 7നീതിമാനുവേണ്ടിപ്പോലും ആ
രെങ്കിലും മരിക്കുന്നത് അപൂർവ്വമാണ്. നല്ലവ
നായ ഒരു മനുഷ്യനുവേണ്ടി ആരെങ്കിലും മരി
ക്കാൻ തയ്യാറായേക്കാം. 8എന്നാൽ നാം പാപി
കളായിരിക്കുമ്പോൾതന്നേ ക്രിസ്തു നമു
ക്കുവേണ്ടി മരിച്ചു; അങ്ങനെ അവിടുന്നു, തനി
ക്കു നമ്മോടുള്ള സ്നേഹം വെളിപ്പെടുത്തുന്നു.
9ക്രിസ്തുവിൻെറ രക്തത്താൽ നാം ഇ
പ്പോൾത്തന്നെ നീതീകരിക്കപ്പെട്ടിരിക്കുന്നു
വെങ്കിൽ അദ്ദേഹംമുഖേന ഇനിമേൽ നാം
എത്രയധികമായി ദൈവക്രോധത്തിൽനിന്നു
രക്ഷിക്കപ്പെടും! 10നാം ദൈവത്തിൻെറ ശത്രു
ക്കളായിരുന്നപ്പോൾത്തന്നേ അവിടുത്തെ പുത്ര
ൻെറ മരണത്താൽ നമുക്കു ദൈവത്തോടു നി
രപ്പു ലഭിച്ചുവെങ്കിൽ, നിരപ്പു പ്രാപിച്ചശേഷം
അവിടുത്തെ ജീവനാൽ നാം എത്രയധികമായി
രക്ഷിക്കപ്പെടും! 11അതുമാത്രമല്ല, നമുക്ക് ഇ
പ്പോൾ നിരപ്പു ലഭിക്കുവാൻ ഇടയാക്കിയ
നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെ
ദൈവത്തിൽ നാം പ്രമോദിക്കുകയും ചെയ്യുന്നു.

### *ആദാമിലൂടെ മരണം, ക്രിസ്തുവിലൂടെ ജീവൻ*

12ഏകമനുഷ്യൻമൂലം പാപവും, പാപംമൂലം
മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ, എല്ലാ
വരും പാപം ചെയ്തതിനാൽ മരണം എല്ലാവരി
ലും വ്യാപിച്ചു. 13ന്യായപ്രമാണം നല്ക
പ്പെടുന്നതിനുമുമ്പും പാപം ലോകത്തിൽഉണ്ടാ
യിരുന്നു. എന്നാൽ ന്യായപ്രമാണം ഇല്ലാതിരി
ക്കുമ്പോൾ പാപം പരിഗണിക്കപ്പെടുന്നില്ല.
14എങ്കിലും ആദാംമുതൽ മോശെവരെ, ആദാ
മിനെപ്പോലെ കല്പന ലംഘിച്ചു പാപം ചെയ്യാ
ത്തവരുടെമേലും, മരണം വാഴ്ച നടത്തിയിരു
ന്നു; ആദാം വരുവാനുള്ളവൻെറ പ്രതിരൂപമത്രേ.
15എന്നാൽ കൃപാവരം ലംഘനംപോലെ
യല്ല.ഏകമനുഷ്യൻെറ ലംഘനത്താൽ അനേ
കർ മരിച്ചുവെങ്കിൽ ദൈവകൃപയും നാം ഇനി
യേശുക്രിസ്തു എന്ന ഏകമനുഷ്യൻെറ കൃ
പയാലുള്ള ദാനവും അനേകരിലേക്ക് ഏറ്റവും
അധികം കവിഞ്ഞൊഴുകിയിരിക്കുന്നു!
16ഏകമനുഷ്യൻെറ പാപത്തിൻെറ ഫലം
പോലെയല്ല ദൈവത്തിൻെറ ദാനം; ആ ഒരു
പാപത്തെത്തുടർന്നു ന്യായവിധിയും തൽ
ഫലമായി ശിക്ഷാവിധിയും ഉണ്ടായി. എന്നാൽ
അനവധി ലംഘനങ്ങളെ തുടർന്നുണ്ടായ കൃ
പാവരമാകട്ടെ, നീതീകരണത്തിനു കാരണമാ
യിത്തീർന്നു. 17ഏകമനുഷ്യൻെറ ലംഘനത്താ
ൽ, ആ മനുഷ്യനിലൂടെ, മരണം വാഴ്ച നട
ത്തിയെങ്കിൽ, ദൈവം സമൃദ്ധിയായി നല്കുന്ന
കൃപയും നീതിയെന്ന ദാനവും പ്രാപിക്കുന്നവർ
യേശുക്രിസ്തുവെന്ന ഏകമനുഷ്യനിലൂടെ
എത്രയോ അധികമായി ജീവനിൽ വാഴും!
18അങ്ങനെ ഒരു ലംഘനം മനുഷ്യരെ ശിക്ഷാ
വിധിയിലേക്കു നയിച്ചതുപോലെ ഒരു നീ
തിപ്രവൃത്തി എല്ലാ മനുഷ്യരെയും ജീവദാ
യകമായ നീതീകരണത്തിലേക്കു നയിക്കുന്നു.
19ഏകമനുഷ്യൻെറ അനുസരണക്കേടിലൂടെ
അനേകർ പാപികളായിത്തീർന്നതുപോലെ
ഏകമനുഷ്യൻെറ അനുസരണത്തിലൂടെ
അനേകർ നീതിമാന്മാരായിത്തീരും.
20ന്യായപ്രമാണം ഇടയിൽ വന്നുചേർന്നതി
നാൽ ലംഘനം പെരുകി. എന്നാൽ പാപം വർ
ദ്ധിച്ചേടത്തു കൃപ അതിലും അധികമായി വർ
ദ്ധിച്ചു. 21പാപം മരണത്തിലൂടെ വാഴ്ച നടത്തി
യതുപോലെ, കൃപയും നമ്മുടെ കർത്താവായ
യേശുക്രിസ്തുവിലൂടെ നിത്യജീവൻ ലഭിക്കു
വാൻ തക്കവണ്ണം, നീതിയാൽ വാഴേണ്ടതിനുതന്നേ.

### *പാപത്തിനു മരിച്ചു ക്രിസ്തുവിൽ ജീവിക്കുക*

6 അതുകൊണ്ടു നാം എന്താണു പറ
യേണ്ടത്? കൃപ വർദ്ധിക്കുന്നതിനുവേണ്ടി
നാം പാപം ചെയ്തുകൊണ്ടിരിക്കാമെന്നോ?
2ഒരിക്കലും പാടില്ല! പാപത്തിനു മരിച്ചവരായ
നാം തുടർന്ന് അതിൽ ജീവിക്കുന്നതെങ്ങനെ?
3സ്നാനമേറ്റു ക്രിസ്തുവിനോടു ചേർന്നവരാ
യ നാം സ്നാനത്തിൽ അവിടുത്തെ മരണത്തോ
ടു ഏകീഭവിച്ചിരിക്കുന്നുവെന്നു നിങ്ങൾക്ക് അറി
ഞ്ഞുകൂടേ? 4അതുകൊണ്ട്, നാം സ്നാനം
മുഖേന ക്രിസ്തുവിനോടുകൂടെ, മരിക്കയും കു
ഴിച്ചിടപ്പെടുകയും ചെയ്തു. ക്രിസ്തു പിതാ
വിൻെറ മഹത്ത്വത്താൽ മരിച്ചവരിൽനിന്നും
ഉയിർപ്പിക്കപ്പെട്ടതുപോലെ നാമും ജീവൻെറ പു
തുക്കത്തിൽ നടക്കേണ്ടതിനുതന്നേ.
5അങ്ങനെ നാം ക്രിസ്തുവിൻെറ മരണ
ത്തിൻെറ സാദൃശ്യത്തോട് ഏകീഭവിച്ചിരി
ക്കുന്നുവെങ്കിൽ തീർച്ചയായും അവിടുത്തെ പു
നരുത്ഥാനത്തിൻെറ സാദൃശ്യത്തോടും ഏകീ
ഭവിക്കും. 6നാം ഇനിപാപത്തിൻെറ അടിമകൾ
ആകാതിരിക്കുവാൻ പാപശരീരം ഇല്ലാതാ
കേണ്ടതിനു[a] നമ്മുടെ പഴയ മനുഷ്യൻ അവി
ടുത്തോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്നു
നാം അറിയുന്നു. 7അങ്ങനെ മരിച്ചവൻ പാപ
ത്തിൽനിന്നു സ്വതന്ത്രനാക്കപ്പെട്ടിരിക്കുന്നു.
8നാം ക്രിസ്തുവിനോടുകൂടെ മരിച്ചുവെങ്കിൽ,
അവിടുത്തോടൊപ്പം ജീവിക്കുമെന്നും വിശ്വസി

a 6 അഥവാ, ശക്തിരഹിതമാകേണ്ടതിന്

ക്കുന്നു. 9ക്രിസ്തു മരിച്ചവരിൽനിന്ന് ഉയിർപ്പി
ക്കപ്പെട്ടതിനാൽ അവിടുന്ന് ഇനി ഒരിക്കലും മരി
ക്കയില്ല എന്നു നാം അറിയുന്നു; മരണത്തിന്
അദ്ദേഹത്തിൻെറ മേൽ ഇനി അധികാരമില്ല.
10അവിടുത്തെ മരണം, പാപസംബന്ധമായി ഒരി
ക്കൽമാത്രമുള്ള മരണമായിരുന്നു. എന്നാൽ
അവിടുന്നു ജീവിക്കുന്നതോ ദൈവത്തി
നുവേണ്ടിയുള്ള ജീവിതമത്രേ. 11അതുപോലെ,
നിങ്ങളും പാപത്തിനു മരിച്ചവരെന്നും ക്രി
സ്തുയേശുവിൽ ദൈവത്തിനുവേണ്ടി ജീവി
ക്കുന്നവരെന്നും നിങ്ങളെത്തന്നേ എണ്ണുവിൻ.
12പാപത്തിൻെറ മോഹങ്ങളെ അനുസരിക്കു
വാൻതക്കവണ്ണം പാപം നിങ്ങളുടെ മർത്യശരീ
രത്തിൽ ഇനി വാഴരുത്. 13നിങ്ങളുടെ
അവയവങ്ങളെ അധർമ്മത്തിൻെറ ഉപകരണ
ങ്ങളായി പാപത്തിനു സമർപ്പിക്കുകയും അരുത്;
മരണത്തിൽനിന്നു ജീവനിലേക്ക് ആനയിക്ക
പ്പെട്ടവരായി നിങ്ങളെത്തന്നേ ദൈവത്തിനു
സമർപ്പിക്കുക; നിങ്ങളുടെ അവയവങ്ങളെ നീ
തിയുടെ ഉപകരണങ്ങളായി ദൈവത്തിനു
കാഴ്ചവയ്ക്കുക. 14നിങ്ങൾ ന്യായപ്രമാണത്തി
നല്ല, കൃപയ്ക്ക് അധീനരാകയാൽ പാപത്തിന്
ഇനി നിങ്ങളുടെമേൽ അധികാരം ഉണ്ടായിരി
ക്കുകയില്ല.

*നീതിക്ക് അടിമകൾ*

15അതുകൊണ്ടെന്ത്? ന്യായപ്രമാണത്തിനല്ല
കൃപയ്ക്ക് അധീനരായിരിക്കുകയാൽ നമുക്കു
പാപം ചെയ്യാമെന്നോ? ഒരിക്കലും പാടില്ല. 16നി
ങ്ങൾ അനുസരണയുള്ള അടിമകളായി ആർ
ക്കെങ്കിലും നിങ്ങളെത്തന്നേ ഏല്പിച്ചുകൊടു
ക്കുമ്പോൾ, നിങ്ങൾ അനുസരിക്കുന്ന ആ വ്യ
ക്തിക്ക് അടിമയായിത്തീരുകയാണെന്ന് അറി
യുന്നില്ലേ? ഒന്നുകിൽ മരണത്തിലേക്കു നയി
ക്കുന്ന പാപത്തിൻെറ അടിമകൾ, അല്ലെങ്കിൽ
നീതിയിലേക്കു നയിക്കുന്ന അനുസരണ
ത്തിൻെറ അടിമകൾ. 17എന്നാൽ നിങ്ങൾ ഒരി
ക്കൽ പാപത്തിൻെറ അടിമകൾ ആയിരുന്നു
വെങ്കിലും, നിങ്ങളെ ഭരമേല്പിച്ച ഉപദേശം ഹൃ
ദയപൂർവ്വം അനുസരിച്ചതുകൊണ്ടു ദൈവത്തി
നു സ്തോത്രം. 18നിങ്ങൾ പാപത്തിൽനിന്നു
സ്വതന്ത്രരാക്കപ്പെടുകയും നീതിക്കു അടിമകളാ
യിത്തീരുകയും ചെയ്തിരിക്കുന്നു.

19നിങ്ങളുടെ സ്വാഭാവിക പരിമിതി നിമിത്തം
ഞാൻ ഇതു മാനുഷികരീതിയിൽ പറയുന്നു:
നിങ്ങളുടെ അവയവങ്ങളെ, അശുദ്ധിക്കും അത്യ
ധികമായ അധർമ്മത്തിനും അടിമകളായി സമർ
പ്പിച്ചിരുന്നതുപോലെ, ഇപ്പോൾ അവയെ, വിശു
ദ്ധീകരണത്തിനായി നീതിക്ക് അടിമകളായി
സമർപ്പിക്കുവിൻ. 20നിങ്ങൾ പാപത്തിന് അടി
മകളായിരുന്നപ്പോൾ നീതിയുടെ നിയ
ന്ത്രണത്തിനു വിധേയരല്ലായിരുന്നു. 21അന്നു
നിങ്ങൾക്ക് എന്തു പ്രയോജനമാണ് ഉണ്ടായത്?
ഇന്നു നിങ്ങൾക്കു ലജ്ജ തോന്നുന്ന കാര്യങ്ങൾ
തന്നേ. അവയുടെ അന്ത്യം മരണകരമാണ് .
22എന്നാൽ ഇപ്പോൾ പാപത്തിൽനിന്നു സ്വത
ന്ത്രരാക്കപ്പെട്ടു ദൈവത്തിൻെറ ദാസരായി
ത്തീർന്നിരിക്കയാൽ, നിങ്ങൾക്കു ലഭിക്കുന്ന പ്ര
യോജനം വിശുദ്ധീകരണവും, അതിൻെറ ഫലം
നിത്യജീവനും ആകുന്നു. 23പാപത്തിൻെറ
ശമ്പളം മരണം; ദൈവത്തിൻെറ കൃപാവരമോ[a]
നമ്മുടെ കർത്താവായ ക്രിസ്തുയേശുവിൽ നി
ത്യജീവൻതന്നേ.

*വിവാഹത്തിൽനിന്ന് ഒരു ഉദാഹരണം*

7 സഹോദരരേ, ന്യായപ്രമാണം അറിയുന്ന
വരോടാണല്ലോ ഞാൻ സംസാരിക്കുന്നത്.
ഒരു മനുഷ്യൻ ജീവിച്ചിരിക്കുന്ന കാലത്തോളം
മാത്രമേ ന്യായപ്രമാണത്തിന് അവൻെറമേൽ
അധികാരമുള്ളു എന്നു നിങ്ങൾക്ക് അറിഞ്ഞു
കൂടേ? 2ഭർത്താവു ജീവിച്ചിരിക്കുമ്പോൾ മാത്രമാ
ണ് ഭാര്യ നിയമംമൂലം അയാളോടു ബന്ധിക്ക
പ്പെട്ടിരിക്കുന്നത്. എന്നാൽ ഭർത്താവു മരിച്ചു
കഴിഞ്ഞാൽ അവൾ അയാളുമായുള്ള വിവാ
ഹനിയമത്തിൽനിന്നു സ്വതന്ത്രയായിത്തീ
രുന്നു. 3ഭർത്താവു ജീവിച്ചിരിക്കുമ്പോൾ അവൾ
മറ്റൊരു പുരുഷനെ സ്വീകരിച്ചാൽ വ്യഭിചാരി
ണി എന്നു വിളിക്കപ്പെടും. ഭർത്താവു മരിച്ചു
കഴിഞ്ഞാൽ അവൾ ആ നിയമത്തിൽ നിന്നു
സ്വതന്ത്രയായിത്തീരുന്നു, പിന്നെ വേറൊരു പു
രുഷനെ സ്വീകരിച്ചാൽ അവൾ വ്യഭിചാരിണി
യാവുകയില്ല.

4അതുകൊണ്ട്, എൻെറ സഹോദരരേ, നി
ങ്ങളും ക്രിസ്തുവിൻെറ ശരീരംവഴി ന്യായ
പ്രമാണം സംബന്ധിച്ചു മരിച്ചിരിക്കുന്നു.ഇതു നി
ങ്ങൾ മറ്റൊരാളുടെ വകയായിത്തീരുവാനാണ്,
മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടവൻെറ
തന്നേ; ദൈവത്തിനായി ഫലം പുറപ്പെടുവി
ക്കുക എന്നതാണ് ഇതിൻെറ ഉദ്ദേശ്യം. 5നാം
പാപസ്വഭാവത്തിൻെറ നിയന്ത്രണത്തിലായി
രുന്നപ്പോൾ, ന്യായപ്രമാണംനിമിത്തം ഉയർന്നു
വന്ന പാപവികാരങ്ങൾ മരണത്തിനുള്ള ഫലം
പുറപ്പെടുവിക്കത്തക്കവണ്ണം നമ്മുടെ അവയ
വങ്ങളിൽ [b]പ്രവർത്തിച്ചു. 6എന്നാൽ നമ്മെ
ബന്ധനസ്ഥരാക്കിയ ന്യായപ്രമാണത്തിൽ
നിന്നു നാം ഇപ്പോൾ സ്വതന്ത്രരായിരിക്കുന്നു;
അതുസംബന്ധിച്ചു നാം മരിച്ചിരിക്കയാണല്ലോ?
അതുകൊണ്ട് എഴുതപ്പെട്ട പഴയ ചട്ടങ്ങൾ അനു
സരിച്ചല്ല, ആത്മാവിൻെറ പുതുമയിലത്രേ നാം
സേവനം അനുഷ്ഠിക്കുന്നത്.

[a] 23 അഥവാ *യേശുക്രിസ്തുവിൽകൂടി* [b] 5 "ജഡം"

*പാപത്തോടുള്ള പോരാട്ടം*

7ആകയാൽ നാം എന്താണ് പറയുക? ന്യായ
പ്രമാണം പാപം എന്നോ? നിശ്ചയമായും അല്ല.
എങ്കിലും ന്യായപ്രമാണത്തിലൂടെ അല്ലാതെ പാ
പം എന്തെന്നു ഞാൻ അറിയുമായിരുന്നില്ല. “മോ
ഹിക്കരുത്”[a] എന്നു ന്യായപ്രമാണം പറ ഞ്ഞി
രുന്നില്ലെങ്കിൽ മോഹം എന്തെന്നു ഞാൻ അറി
യുകയില്ലായിരുന്നു. 8എന്നാൽ കല്പനയിലൂടെ
ലഭിച്ച അവസരം ഉപയോഗിച്ചു പാപം എന്നിൽ
എല്ലാവിധ ദുർമോഹങ്ങളും ഉളവാക്കി. ന്യായ
പ്രമാണം കൂടാതെ പാപം നിർജ്ജീവമാകുന്നു.
9ഒരുകാലത്ത്, ഞാൻ ന്യായപ്രമാണംകൂടാതെ
ജീവിച്ചിരുന്നു; എന്നാൽ കല്പന വന്നപ്പോൾ
പാപം എന്നിൽ സജീവമാകുകയും ഞാൻ മരി
ക്കുകയും ചെയ്തു. 10ജീവൻ നല്കുവാൻ ഉ
ദ്ദേശിക്കപ്പെട്ടിരുന്ന കല്പനതന്നേ എനിക്കു
മരണഹേതുവായിത്തീർന്നു എന്നു വ്യക്തമാ
യി. 11കല്പനമൂലം ഉളവായ അവസരം ഉപ
യോഗിച്ചു പാപം എന്നെ ചതിക്കുകയും കൊ
ല്ലുകയും ചെയ്തു. 12ആകയാൽ ന്യായപ്രമാ
ണം വിശുദ്ധം; കല്പന വിശുദ്ധവും നീതിയു
ക്തവും നല്ലതും തന്നേ. 13അങ്ങനെയെങ്കിൽ
നന്മയായത് എനിക്കു മരണഹേതുവായി ഭവി
ച്ചുവെന്നോ? ഒരിക്കലുമില്ല. നന്മയായതിലൂടെ
എനിക്ക് മരണം വരുത്തിയതു പാപമാണ്. പാ
പത്തിന്റെ തനിസ്വഭാവം വെളിപ്പെടേണ്ടതിനും
കല്പനയിലൂടെ പാപം അത്യന്തം പാപകരമാ
യിത്തീരേണ്ടതിനുംതന്നേ.

14ന്യായപ്രമാണം ആത്മീയം എന്നു നാം അറി
യുന്നു; ഞാനോ അനാത്മീയൻ, പാപത്തിന്
അടിമയായി വില്ക്കപ്പെട്ടവൻ. 15ഞാൻ
പ്രവർത്തിക്കുന്നതെന്തെന്നു ഞാൻതന്നേ അറി
യുന്നില്ല. കാരണം, ഞാൻ ആഗ്രഹിക്കുന്നതല്ല
ഞാൻ ചെയ്യുന്നത്; പിന്നെയോ വെറുക്കുന്നതാ
ണ്. 16ഇങ്ങനെ ഞാൻ ചെയ്യരുതാത്തതു
ചെയ്യുന്നുവെങ്കിൽ, ന്യായപ്രമാണം നല്ലതെന്നു
ഞാൻ സമ്മതിക്കുന്നു. 17അപ്പോൾ അതു
പ്രവർത്തിക്കുന്നതു ഞാനല്ല, എന്നിൽ വസി
ക്കുന്ന പാപമാണ്. 18എന്നിൽ, അതായത്
എന്റെ ജഡത്തിൽ ഒരു നന്മയും വസിക്കുന്നി
ല്ല എന്നു ഞാൻ അറിയുന്നു. നന്മ പ്രവർത്തിക്കു
വാൻ എനിക്ക് ആഗ്രഹമുണ്ടെങ്കിലും, അതു
പ്രവർത്തിക്കുവാൻ കഴിയുന്നില്ല. 19കാരണം
ഞാൻ, ചെയ്യുവാൻ ആഗ്രഹിക്കുന്ന നന്മയല്ല,
ആഗ്രഹിക്കാത്ത തിന്മയാണ് ചെയ്യുന്നത്.
20അങ്ങനെ, ആഗ്രഹിക്കാത്തതാണ് ഞാൻ
പ്രവർത്തിക്കുന്നതെങ്കിൽ, പ്രവർത്തിക്കുന്നത്
ഞാനല്ല എന്നിൽ വസിക്കുന്ന പാപമാണ്; ഇതു
ഞാൻ ചെയ്തുകൊണ്ടേയിരിക്കുന്നു.
21അതുകൊണ്ടു നന്മ ചെയ്യുവാൻ ഞാൻ ആ
ഗ്രഹിക്കുമ്പോൾത്തന്നേ, തിന്മ എന്നോടൊ
പ്പമുണ്ട് എന്നൊരു പ്രമാണം ഞാൻ കാണുന്നു.
22എന്റെ അന്തരംഗത്തിൽ ഞാൻ ദൈവിക
പ്രമാണത്തിൽ പ്രമോദിക്കുന്നു; 23എന്നാൽ എ
ന്റെ ബുദ്ധിയുടെ പ്രമാണത്തോടു പോരാടുന്ന
മറ്റൊരു പ്രമാണം എന്റെ അവയവങ്ങളിൽ
ഉള്ളതായി ഞാൻ കാണുന്നു; അത് എന്റെ
അവയവങ്ങളിലുള്ള പാപപ്രമാണത്തിന് എന്നെ
അടിമയാക്കുകയും ചെയ്യുന്നു. 24ഹാ! ഞാൻ
എത്ര അരിഷ്ടമനുഷ്യൻ! മരണത്തിന് അധീ
നമായ ഈ ശരീരത്തിൽനിന്ന് എന്നെ ആരു വി
ടുവിക്കും? 25നമ്മുടെ കർത്താവായ യേശുക്രി
സ്തുവിലൂടെ ദൈവത്തിനു സ്തോത്രം, ഇങ്ങ
നെ ഞാൻ ബുദ്ധികൊണ്ടു ദൈവികപ്രമാണ
ത്തെയും ജഡം കൊണ്ടു പാപപ്രമാണത്തെയും
സേവിക്കുന്നു.

*ആത്മാവിലൂടെയുള്ള ജീവിതം*

8 അതുകൊണ്ട്, ഇപ്പോൾ ക്രിസ്തുയേശു
വിലുള്ളവർക്ക് [b]ഒരു ശിക്ഷാവിധിയും ഇല്ല.
2ക്രിസ്തുയേശുവിലുള്ള ജീവന്റെ ആത്മാ
വിന്റെ പ്രമാണം എനിക്കു പാപത്തിന്റെയും
മരണത്തിന്റെയും പ്രമാണത്തിൽനിന്നു സ്വാ
തന്ത്ര്യം നല്കിയിരിക്കുന്നു. 3ജഡത്താലുള്ള
ബലഹീനതമൂലം ന്യായപ്രമാണത്തിനു ചെയ്യു
വാൻ സാധ്യമല്ലാതിരുന്നതു ദൈവം സാധ്യ
മാക്കി; അവിടുന്നു സ്വന്തപുത്രനെ പാപിയായ
മനുഷ്യന്റെ സാദൃശ്യത്തിൽ പാപപരിഹാ
രമായി അയച്ചു പാപത്തിനു ജഡത്തിൽ
ശിക്ഷവിധിച്ചു. 4ജഡത്തെ അനുസരിക്കാതെ,
ആത്മാവിനെ അനുസരിച്ചു ജീവിക്കുന്ന നമ്മിൽ
ന്യായപ്രമാണം അനുശാസിക്കുന്ന കാര്യങ്ങൾ
നിവൃത്തിയാകേണ്ടതിനു തന്നേ.

5ജഡത്തെ അനുസരിച്ചു ജീവിക്കുന്നവർ
പാപത്തിന്റെ കാര്യങ്ങളിലും, ആത്മാവിനെ
അനുസരിച്ചു ജീവിക്കുന്നവർ ആത്മീയകാര്യ
ങ്ങളിലും മനസ്സുറപ്പിക്കുന്നു. 6ജഡത്തിന്റെ
ചിന്ത മരണത്തിൽ കലാശിക്കുന്നു; ആത്മാ
വിന്റെ ചിന്തയോ ജീവനും സമാധാനവും
ആകുന്നു. 7ജഡമനസ്സ് ദൈവത്തോടു ശത്രു
തയുള്ളതാണ്; അതു ദൈവിക പ്രമാണത്തിനു
കീഴ്പ്പെടുന്നില്ല; കീഴ്പ്പെടുവാൻ അതിനു സാ
ധിക്കുകയുമില്ല. 8ജഡസ്വഭാവമുള്ളവർക്കു
ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുകയില്ല.

9നിങ്ങളോ, ദൈവത്തിന്റെ ആത്മാവു നി
ങ്ങളിൽ വസിക്കുന്നുവെങ്കിൽ ജഡസ്വഭാവത്താ
ലല്ല, ആത്മാവിനാലാണ് നിയന്ത്രിക്കപ്പെടുന്നത്.
ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ ക്രിസ്തു

[a] 7 പുറപ്പാട് 20:17 [b] 1 അഥവാ, *ക്രിസ്തുവിലുള്ളവർക്ക് ജഡത്തെ അനുസരിക്കാതെ ആത്മാവിനെ അനുസരിച്ചു ജീവിക്കുന്നവർക്കുതന്നേ.*

വിനുള്ളവനല്ല. 10എന്നാൽ, ക്രിസ്തു നിങ്ങളിൽ
ഉണ്ടെങ്കിൽ, ശരീരം പാപം നിമിത്തം മരിക്കു
മെങ്കിലും ആത്മാവ് നീതി നിമിത്തം ജീവനു
ള്ളതായിരിക്കും. 11യേശുവിനെ മരിച്ചവരിൽ
നിന്ന് ഉയിർപ്പിച്ചവൻെറ ആത്മാവു നിങ്ങളിൽ
വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരി
ച്ചവരിൽ നിന്നുയിർപ്പിച്ചവൻ, നിങ്ങളിൽ വസി
ക്കുന്ന തൻെറ ആത്മാവിനാൽ നിങ്ങളുടെ മർ
ത്യശരീരങ്ങളെയും ജീവിപ്പിക്കും.

12ആകയാൽ, സഹോദരരേ, നാം ജഡത്തെ
അനുസരിച്ചു ജീവിക്കേണ്ടതിന് അതിനോടു
കടപ്പാടുള്ളവരല്ല. 13ജഡത്തെ അനുസരിച്ചു ജീ
വിച്ചാൽ നിങ്ങൾ തീർച്ചയായും മരിക്കും;
എന്നാൽ ആത്മാവിനാൽ ശരീരത്തിൻെറ ദുഷ്
പ്രവൃത്തികളെ ഇല്ലാതാക്കുന്നുവെങ്കിൽ നി
ങ്ങൾ ജീവിക്കും. 14ദൈവാത്മാവിനാൽ നയി
ക്കപ്പെടുന്നവർ എല്ലാവരും ദൈവമക്കളാകുന്നു.
15നിങ്ങളെ വീണ്ടും ഭയത്തിലേക്കു നയിക്കുന്ന
അടിമത്തത്തിൻെറ ആത്മാവിനെയല്ല,
പുത്രത്വത്തിൻെറ[a] ആത്മാവിനെയാണു നി
ങ്ങൾ പ്രാപിച്ചിട്ടുള്ളത്. അതേ ആത്മാവിനാൽ
നാം "*അബ്ബാ*[b] പിതാവേ" എന്നു വിളിക്കുന്നു.
16അങ്ങനെ നാം ദൈവത്തിൻെറ മക്കളാണെന്ന്
ആത്മാവുതന്നേ നമ്മുടെ ആത്മാവോടു
ചേർന്നു സാക്ഷ്യപ്പെടുത്തുന്നു. 17നാം മക്ക
ളെങ്കിൽ അവകാശികളുമാണ്; ദൈവത്തിൻെറ
അവകാശികളും ക്രിസ്തുവിനോടുകൂടെ കൂ
ട്ടവകാശികളും തന്നേ. നാം ക്രിസ്തുവിനോടു
കൂടെ അവിടുത്തെ കഷ്ടതയിൽ പങ്കാളികളാ
കുന്നുവെങ്കിൽ, അവിടുത്തെ മഹത്ത്വത്തിൻെറ
യും പങ്കാളികളായിത്തീരും.

### *വരുവാനുള്ള തേജസ്സ്*

18നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സിനോ
ടു തുലനം ചെയ്യുവാൻ അർഹമല്ലാത്തവിധം
നിസ്സാരമാണ് ഇക്കാലത്തെ കഷ്ടതകൾ എന്നു
ഞാൻ കരുതുന്നു. 19ദൈവമക്കൾ
വെളിപ്പെടുന്നതിനുവേണ്ടി സർവ്വസൃഷ്ടിയും
അത്യാകാംക്ഷയോടെ കാത്തിരിക്കുന്നു. 20സൃ
ഷ്ടി വ്യർത്ഥതയ്ക്ക് വിധേയമാക്കപ്പെട്ടു;
അതിൻെറ സ്വന്തഇഷ്ടപ്രകാരമല്ല, പ്രത്യാ
ശയാൽ അതിനെ വിധേയപ്പെടുത്തിയവൻെറ
ഇഷ്ടത്താൽത്തന്നേ. 21ഈ പ്രത്യാശയോ, സൃ
ഷ്ടിതന്നെയും ജീർണ്ണതയുടെ ബന്ധനത്തിൽ
നിന്നും വിടുവിക്കപ്പെട്ടു ദൈവമക്കളുടെ മഹ
ത്ത്വകരമായ സ്വാതന്ത്ര്യം പ്രാപിക്കുമെന്നത്രേ.

22സർവ്വസൃഷ്ടിയും ഇന്നുവരെ ഈറ്റുനോ
വിൽ എന്നതുപോലെ, ഞരങ്ങിക്കൊണ്ടിരി
ക്കുന്നുവെന്നു നാം അറിയുന്നു. 23തന്നെയുമല്ല,
ആത്മാവെന്ന ആദ്യഫലം ലഭിച്ചവരായ നാമും
നമ്മുടെ ശരീരത്തിൻെറ വീണ്ടെടുപ്പായ
പുത്രത്വത്തിലേക്കു ദത്തെടുക്കപ്പെടുവാൻ കാ
ത്തുകൊണ്ട് ഉള്ളിൽ ഞരങ്ങുന്നു. 24ഈ പ്രത്യാ
ശയിലാണ് നാം രക്ഷിക്കപ്പെട്ടത്. എന്നാൽ, കാ
ണുന്നതിനെക്കുറിച്ചുള്ള പ്രത്യാശയാകട്ടെ,
പ്രത്യാശയല്ല. കാണുന്നതിനുവേണ്ടി ഇനി
പ്രത്യാശിക്കുന്നതെന്തിന്? 25എന്നാൽ ഇതുവ
രെയും കാണാത്തതിനുവേണ്ടി പ്രത്യാശിക്കു
ന്നുവെങ്കിൽ അതിനായി നാം ക്ഷമയോടെ
കാത്തിരിക്കുന്നു.

26അതുപോലെതന്നേ, ആത്മാവ് നമ്മുടെ
ബലഹീനതയിൽ നമ്മെ സഹായിക്കുന്നു.
വേണ്ടതുപോലെ പ്രാർത്ഥിക്കേണ്ടതെങ്ങനെ
യെന്നു നമുക്കറിഞ്ഞുകൂടാ! എന്നാൽ ആത്മാ
വുതന്നേ, വാക്കുകളിലൂടെ വ്യക്തമാക്കാനാ
വാത്ത ഞരക്കങ്ങളാൽ നമുക്കുവേണ്ടി മധ്യ
സ്ഥത ചെയ്യുന്നു. 27ആത്മാവു വിശുദ്ധർക്കു
വേണ്ടി ദൈവഹിതപ്രകാരം മധ്യസ്ഥത ചെ
യ്യുന്നു; ആത്മാവിൻെറ ചിന്ത എന്തെന്നുഹൃ
ദയങ്ങളെ പരിശോധിക്കുന്നവൻ അറിയുന്നു.

### *സമ്പൂർണ്ണ വിജയം*

28എന്നാൽ, ദൈവത്തെ സ്നേഹിക്കുന്നവർ
ക്കുവേണ്ടി, അവിടുത്തെ ഉദ്ദേശ്യപ്രകാരം വിളി
ക്കപ്പെട്ടവർക്കുവേണ്ടിത്തന്നേ, എല്ലാക്കാര്യ
ങ്ങളിലും അവിടുന്നു നന്മയ്ക്കായി പ്രവർത്തി
ക്കുന്നുവെന്നു നാം അറിയുന്നു[c]. 29ദൈവം
മുൻകൂട്ടി അറിഞ്ഞവരെ, തൻെറ പുത്രൻെറ സാ
ദൃശ്യത്തോട് അനുരൂപരാകുവാൻ അവിടുന്നു
മുൻനിയമിച്ചിരിക്കുന്നു. അത് അവിടുത്തെ
പുത്രൻ അനേകം സഹോദരരിൽ ആദ്യജാ
തനാകേണ്ടതിനാണ്. 30അവിടുന്ന് മുൻനിയമി
ച്ചവരെ വിളിച്ചു; വിളിച്ചവരെ നീതീകരിച്ചു; നീ
തീകരിച്ചവരെ തേജസ്കരിക്കുകയും ചെയ്തി
രിക്കുന്നു.

31ഇതിനെ സംബന്ധിച്ചു നാം എന്താണു പറ
യേണ്ടത്? ദൈവം നമുക്ക് അനുകൂലമെങ്കിൽ
നമുക്കു പ്രതികൂലം ആര്? 32സ്വന്തപുത്രനെ ഒഴി
വാക്കാതെ, നമുക്കെല്ലാവർക്കുംവേണ്ടി ഏല്പി
ച്ചുതന്നവൻ, പുത്രനോടൊപ്പം സകലവും കൃ
പയാൽ നമുക്കു നല്കാതിരിക്കുമോ? 33ദൈവം
തിരഞ്ഞെടുത്തവരെ ആരു കുറ്റം ചുമത്തും?
ദൈവമാണു നീതീകരിക്കുന്നവൻ; ശിക്ഷവിധി
ക്കുന്നവൻ ആര്? 34മരിച്ചവനും മരിച്ചിട്ട് ഉയിർ
ത്തെഴുന്നേറ്റവനുമായ ക്രിസ്തുയേശു ദൈ
വത്തിൻെറ വലത്തുഭാഗത്തിരുന്നുകൊണ്ടു
നമുക്കുവേണ്ടി മധ്യസ്ഥത വഹിക്കുന്നു.
35ക്രിസ്തുവിൻെറ സ്നേഹത്തിൽനിന്നു

[a] 15 അഥവാ *ദത്തെടുക്കലിൻെറ* [b] 15 പിതാവ് എന്നതിൻെറ അരാമ്യപദം
[c] 28 ചില കയ്യെഴുത്തുപ്രതികളിൽ *എല്ലാകാര്യങ്ങളും നന്മയ്ക്ക് ആയിത്തീരുന്നുവെന്നു നാം അറിയുന്നു.*

നമ്മെ വേർപിരിക്കുവാൻ ആർക്കു കഴിയും?
ക്ലേശങ്ങൾക്കോ, കഷ്ടതകൾക്കോ, പീഡന
ത്തിനോ, പട്ടിണിക്കോ, നഗ്നതയ്ക്കോ, ആപ
ത്തിനോ, വാളിനോ അതുചെയ്യാൻ കഴിയുമോ?
36"അങ്ങേയ്ക്കുവേണ്ടി ഞങ്ങൾ
ദിവസം മുഴുവൻ മരണത്തെ നേരി
ടുന്നു: അറുക്കപ്പെടുവാനുള്ള ആടു
കളായി ഞങ്ങൾ എണ്ണപ്പെടുന്നു[a]"
എന്ന് എഴുതിയിരിക്കുന്നുവല്ലോ.
37നാമോ, നമ്മെ സ്നേഹിച്ചവൻ മുഖേന ഇവ
യിലെല്ലാറ്റിലും പരിപൂർണ്ണവിജയം നേടുന്നു.
38മരണത്തിനോ ജീവനോ, ദൂതന്മാർക്കോ
വാഴ്ചകൾക്കോ അധികാരങ്ങൾക്കോ, ഇപ്പോ
ഴുള്ളതിനോ, വരുവാനുള്ളതിനോ,
39ഉയരത്തിനോ ആഴത്തിനോ, സൃഷ്ടിയിലുള്ള
മറ്റേന്തിനെങ്കിലുമോ നമ്മുടെ കർത്താവായ
ക്രിസ്തുയേശുവിലുള്ള ദൈവസ്നേഹത്തിൽ
നിന്നു നമ്മെ വേർപിരിക്കുവാൻ സാധ്യമല്ല എന്ന്
എനിക്കു പൂർണ്ണബോധ്യമുണ്ട്.

*ദൈവത്തിൻെറ തിരഞ്ഞെടുപ്പ്*

9 ഞാൻ ക്രിസ്തുവിൽ സത്യം സംസാരി
ക്കുന്നു, വ്യാജമല്ല ഞാൻ പറയുന്നത്; എ
ൻെറ മനസ്സാക്ഷി പരിശുദ്ധാത്മാവിൽ അതിനു
സാക്ഷ്യം വഹിക്കുന്നു. 2അതേ, എൻെറ ഹൃദ
യത്തിൽ വലിയ സങ്കടവും നിരന്തരമായ വേ
ദനയും ഉണ്ട്. 3എൻെറ സഹോദരരും സ്വന്ത വം
ശത്തിൽപ്പെട്ടവരുമായ യിസ്രായേൽജനത്തി
നുവേണ്ടി ഞാൻ സ്വയം ശാപഗ്രസ്തനാകുവാ
നും ക്രിസ്തുവിനോടുള്ള ബന്ധത്തിൽനിന്നും
മാറ്റപ്പെടുവാൻ തന്നെയും തയ്യാറാണ്.
4മക്കളായി ദത്തെടുക്കപ്പെട്ടത് അവരാണ്;
ദൈവികതേജസ്സ്, ഉടമ്പടികൾ, ന്യായപ്രമാ
ണസ്വീകാരം, ആരാധന, വാഗ്ദാനങ്ങൾ ഇവ
യെല്ലാം അവർക്കുള്ളതാണ്. 5ഗോത്രപിതാ
ക്കന്മാർ അവർക്കുള്ളവർ, ക്രിസ്തു മനുഷ്യനാ
യി ജനിച്ചതും അവരിൽനിന്നാണല്ലോ, അവി
ടുന്ന് എല്ലാറ്റിനുംമീതെ ദൈവമായി എന്നേക്കും
വാഴ്ത്തപ്പെട്ടവൻ![b]ആമേൻ.
6ദൈവത്തിൻെറ വചനം വ്യർത്ഥമായി
എന്നല്ല; യിസ്രായേലിൻെറ പിൻഗാമികളായി
ജനിച്ചവരെല്ലാം യിസ്രായേല്യരല്ല. 7അബ്രാഹാ
മിൻെറ പിൻഗാമിയായതുകൊണ്ട് അവരെല്ലാ
വരും അബ്രാഹാമിൻെറ മക്കൾ ആകുന്നുമില്ല.
നേരേമറിച്ച് "യിസ്ഹാക്കിൽനിന്നു ജനി
ക്കുന്നവൻ നിൻെറ സന്തതി എന്നു വിളിക്കപ്പെ
ടും[c]" എന്നാണ് പറഞ്ഞിരിക്കുന്നത്. 8അതിൻെറ
അർത്ഥം ഇതാണ്: ശാരീരികമായി ജനിക്കുന്ന
കുട്ടികളല്ല ദൈവത്തിൻെറ മക്കൾ, പിന്നെയോ
വാഗ്ദാനപ്രകാരം ജനിച്ചവരാണ് അബ്രാഹാ
മിൻെറ സന്തതി എന്നു കണക്കാക്കപ്പെടുന്നത്.
9വാഗ്ദാനം ഇപ്രകാരമാണ്: "നിശ്ചി
തസമയത്തു ഞാൻ മടങ്ങിവരും; അപ്പോൾ
സാറയ്ക്ക് ഒരു മകൻ ഉണ്ടായിരിക്കും[d]" 10അതു
മാത്രമല്ല, നമ്മുടെ പിതാവായ യിസ്ഹാക്ക് എന്ന
ഒരുവനിൽ നിന്നു റിബേക്കയും ഗർഭം ധരിച്ചു.
11എങ്കിലും ആ ഇരട്ട ശിശുക്കൾ ജനിക്കുകയും,
ഗുണമോ ദോഷമോ പ്രവർത്തിക്കുകയും
ചെയ്യുന്നതിനു മുമ്പുതന്നേ, "മൂത്തവൻ ഇളയവ
നെ സേവിക്കും[e]" എന്നു ദൈവം അവളോട് അരു
ളി ചെയ്തു; 12പ്രവൃത്തികളാലല്ല, വിളി
ക്കുന്നവൻെറ ഇഷ്ടത്താൽ തിരഞ്ഞെടുപ്പിലു
ള്ള ദൈവത്തിൻെറ ഉദ്ദേശ്യം നിറവേറേണ്ടതി
നു തന്നേ. 13"യാക്കോബിനെ ഞാൻ സ്നേഹി
ച്ചു, ഏശാവിനെ ഞാൻ വെറുത്തു[f]" എന്ന് എഴു
തിയിരിക്കുന്നുവല്ലോ. 14അങ്ങനെയെങ്കിൽ നാം
എന്താണു പറയേണ്ടത്? ദൈവം അനീതിയു
ള്ളവൻ എന്നോ? ഒരിക്കലുമല്ല!
15അവിടുന്നു മോശെയോട്:
"എനിക്കു കരുണ കാണിക്കണമെന്നു
ള്ളവനോടു ഞാൻ കരുണ കാണിക്കു
കയും അനുകമ്പ തോന്നണമെന്നുള്ളവ
നോട് അനുകമ്പ കാണിക്കുകയും
ചെയ്യും" [g]
എന്ന് അരുളിച്ചെയ്യുന്നു. 16അതുകൊണ്ടു,
മനുഷ്യൻെറ ആഗ്രഹത്തിലോ പ്രയത്നത്തിലോ
അല്ല, ദൈവത്തിൻെറ കാരുണ്യത്തിലാണ്
എല്ലാം അടിസ്ഥാനപ്പെട്ടിരിക്കുന്നത്. 17തി
രുവെഴുത്തു ഫറവോനോട് ഇപ്രകാരം പറ
യുന്നു: "ഈ ഉദ്ദേശ്യത്തിനായിത്തന്നേ ഞാൻ
നിന്നെ ഉയർത്തിയിരിക്കുന്നു. എൻെറ ശക്തി
നിന്നിലൂടെ പ്രദർശിപ്പിക്കുവാനും എൻെറ നാമം
ഭൂമിയിലെല്ലായിടത്തും പ്രഖ്യാപിക്കുവാനും
തന്നേ.[h]" 18അതുകൊണ്ടു, ദൈവം തൻെറ
ഇഷ്ടപ്രകാരം ഒരുവനോടു കരുണ കാണി
ക്കുന്നു; മറ്റൊരുവനെ കഠിനനാക്കുന്നു.
19എങ്കിൽ, "ദൈവം കുറ്റപ്പെടുത്തുന്നതെന്തു
കൊണ്ട്? ആർക്ക് അവിടുത്തെ ഇച്ഛയോടു
മറുത്തു നില്ക്കാൻ കഴിയും?" എന്നു നിങ്ങൾ
എന്നോടു ചോദിച്ചേക്കാം. 20അല്ലയോ മനുഷ്യാ,
ദൈവത്തോട് എതിർവാദം നടത്താൻനീ ആര്?"
മനഞ്ഞുണ്ടാക്കിയതു മനഞ്ഞവനോട് "നീയെ
ന്നെ ഇങ്ങനെ ഉണ്ടാക്കിയതെന്തിന്?" എന്നു
ചോദിക്കുമോ?[i] 21കുശവനു കളിമണ്ണിൻെറ ഒരു

[a] 8:36 സങ്കീർത്തനം 44:22 [b] 9:5 *അവിടുന്ന് എല്ലാറ്റിനും മീതെ ഉള്ളവൻ.ദൈവം എന്നേക്കും വാഴ്ത്തപ്പെട്ടവൻ!* എന്നും *ക്രിസ്തു മനുഷ്യനായി ജനിച്ചതും അവരിൽ നിന്നാണല്ലോ. എല്ലാറ്റിനും മീതെ ഉള്ളവനായ ദൈവം എന്നേക്കും വാഴ്ത്തപ്പെട്ടവൻ!* എന്നും പാഠഭേദങ്ങൾ [c] 7 ഉല്പത്തി 21:12 [d] 9 ഉല്പത്തി 18:10,14 [e] 11 ഉല്പത്തി 25:23 [f] 13 മലാഖി 1:2,3 [g] 15 പുറപ്പാട് 33:19. [h] 17പുറപ്പാട് 9:16 [i] 20 യെശയ്യാവ് 29:16 ;45:9

പിണ്ഡത്തിൽനിന്നുതന്നേ ചില പാത്രങ്ങൾ മാ
ന്യ കാര്യങ്ങൾക്കും മറ്റു ചിലതു സാധാരണ
ഉപയോഗത്തിനും മനഞ്ഞുണ്ടാക്കുവാൻ അധി
കാരമില്ലേ?
22ദൈവം തൻെറ കോപം പ്രദർശിപ്പിക്കു
വാനും ശക്തി വെളിപ്പെടുത്തുവാനുംവേണ്ടി,
നാശത്തിനായി ഒരുക്കപ്പെട്ട കോപപാത്രങ്ങളെ
ദീർഘക്ഷമയോടെ സഹിച്ചു; 23യഹൂദരിൽ
നിന്നു മാത്രമല്ല, വിജാതീയരിൽനിന്നുകൂടി വി
ളിച്ചു 24 തേജസ്സിനായി മുന്നൊരുക്കിയ കരു
ണാപാത്രങ്ങളായ നമ്മിൽ അവിടുത്തെ ധന്യ
മായ മഹത്ത്വം വെളിപ്പെടുത്തുവാൻ ദൈവം ഇ
പ്രകാരം പ്രവർത്തിച്ചുവെങ്കിൽ അതിലെന്ത്?
25അവിടുന്നു ഹോശെയായുടെ പുസ്തക
ത്തിൽ ഇപ്രകാരം അരുളിച്ചെയ്യുന്നു:

"എൻെറ ജനം അല്ലാത്തവരെ
'എൻെറ ജനം' എന്നും
എൻെറ പ്രിയ അല്ലാത്തവളെ
'എൻെറ പ്രിയ' എന്നും ഞാൻ വിളിക്കും[a]."

26വീണ്ടും,

"നിങ്ങൾ എൻെറ ജനമല്ല, എന്ന്
അരുളിച്ചെയ്തേടത്തുതന്നേ, അവർ
ജീവനുള്ള ദൈവത്തിൻെറ മക്കൾ
എന്നും വിളിക്കപ്പെടും[b]."
27യെശയ്യാവ് യിസ്രായേല്യരെക്കുറിച്ചു
വിളിച്ചുപറയുന്നു: "യിസ്രായേല്യരുടെ
സംഖ്യ കടൽപ്പുറത്തെ മണൽത്തരി
പോലെയെങ്കിലും ഒരു ശേഷിപ്പുമാത്ര
മേ രക്ഷിക്കപ്പെടുകയുള്ളൂ.
28"യഹോവ ഭൂമിയിൽ തൻെറ ന്യായ
വിധി അതിവേഗത്തിലും അന്തിമമായും
നിർവ്വഹിക്കും[c]"
29"സർവ്വശക്തനായ ദൈവം നമുക്കു
പിൻതലമുറയെ ശേഷിപ്പിച്ചിരുന്നി
ല്ലെങ്കിൽ, നാം സൊദോമിനെപ്പോലെ
ആകുമായിരുന്നു; ഗോമോറയ്ക്കു സദൃ
ശമാകുമായിരുന്നു.[d]"

എന്ന് യെശയ്യാവ് മുമ്പുകൂട്ടി തന്നേ പറഞ്ഞി
രുന്നുവല്ലോ!

*യിസ്രായേലിൻെറ അവിശ്വാസം*

30ആകയാൽ നാം എന്താണു പറയേണ്ടത്?
നീതിയെ പിന്തുടരാതിരുന്ന വിജാതീയർ നീതി
പ്രാപിച്ചു; വിശ്വാസത്താലുള്ള നീതി തന്നേ.
31എന്നാൽ നീതിയുടെ ന്യായപ്രമാണം പിന്തു
ടർന്ന യിസ്രായേലാകട്ടെ, അത് പ്രാപിച്ചില്ല.
32എന്തുകൊണ്ടാണവർ പ്രാപിക്കാതിരുന്നത്?
വിശ്വാസത്താൽ അതിനെ പിന്തുടരാതെ
പ്രവൃത്തികളാൽ സാധിക്കുമെന്നു വിചാരിച്ച് അ
ന്വേഷിച്ചതുകൊണ്ടാണ് അവർ ഇടർച്ചക്കല്ലിൽ
തട്ടിവീണത്.

33"ഇതാ, ഞാൻ സീയോനിൽ, മനു
ഷ്യർ ഇടറിവീഴുവാൻ ഇടയാക്കുന്ന
ഒരു കല്ലും വീഴ്ചയ്ക്കു കാരണമാകുന്ന
ഒരു പാറയും വയ്ക്കുന്നു.
അദ്ദേഹത്തിൽ ആശ്രയിക്കുന്നവൻ ഒരു
നാളും ലജ്ജിച്ചുപോകയില്ല"[e]

എന്ന് എഴുതിയിരിക്കുന്നുവല്ലോ.

10 സഹോദരരേ, യിസ്രായേല്യർ രക്ഷിക്ക
പ്പെടണമെന്നുള്ളതാണ് എൻെറ ഹൃ
ദയവാഞ്ഛയും ദൈവത്തോടുള്ള പ്രാർ
ത്ഥനയും. 2അവർ ദൈവത്തിനുവേണ്ടി തീ
ക്ഷ്ണതയുള്ളവരാണെന്നു സാക്ഷ്യപ്പെടുത്തു
വാൻ എനിക്കു കഴിയും, എന്നാൽ അവരുടെ
ശുഷ്കാന്തി ജ്ഞാനത്തിൽ അധിഷ്ഠിതമല്ല.
3ദൈവത്തിൽനിന്നു വരുന്ന നീതി അറിയാതെ,
സ്വന്തനീതി സ്ഥാപിക്കാൻ ശ്രമിച്ചതുകൊണ്ട്
അവർ ദൈവനീതിക്കു കീഴ്പ്പെട്ടില്ല. 4വിശ്വസി
ക്കുന്ന ഏവനും നീതീകരിക്കപ്പെടേണ്ടതിനു ക്രി
സ്തു ന്യായപ്രമാണത്തിൻെറ പൂർത്തീകരണം
ആകുന്നു.
5ന്യായപ്രമാണത്താലുള്ള നീതിയെ
സംബന്ധിച്ചു മോശെ: "ഈ കാര്യങ്ങൾ അനു
ഷ്ഠിക്കുന്ന മനുഷ്യൻ ഇവയാൽ ജീവിക്കും"[f]
എന്ന് എഴുതിയിരിക്കുന്നു. 6എന്നാൽ വി
ശ്വാസത്താലുള്ള നീതിയോ ഇപ്രകാരമാണു
പറയുന്നത്: ക്രിസ്തുവിനെ താഴേക്കു കൊണ്ടു
വരുവാൻ "ആരു സ്വർഗ്ഗത്തിൽക്കയറും?[g]"
എന്നോ ക്രിസ്തുവിനെ മരിച്ചവരിൽനിന്ന്
ആനയിക്കുവാൻ 7"ആരു പാതാളത്തിൽ
ഇറങ്ങും?[h]" എന്നോ നിൻെറ ഹൃദയത്തിൽ
പറയരുത്. 8എന്നാൽ അതെന്തുപറയുന്നു?
"വചനം നിനക്കു സമീപമാകുന്നു; അതു നിൻെറ
അധരത്തിലും നിൻെറ ഹൃദയത്തിലും ഇരി
ക്കുന്നു; [i] "ഞങ്ങൾ ഉദ്ഘോഷിക്കുന്ന വിശ്വാ
സത്തിൻെറ വചനം തന്നെയാണത്. 9"യേശു
കർത്താവാകുന്നു" എന്ന് അധരംകൊണ്ട് ഏറ്റു
പറയുകയും ദൈവം അദ്ദേഹത്തെ മരിച്ചവരിൽ
നിന്ന് ഉയിർപ്പിച്ചുവെന്നു ഹൃദയത്തിൽ വിശ്വ
സിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും.
10അങ്ങനെ ഒരുവൻ ഹൃദയത്തിൽ വിശ്വസിച്ചു
നീതീകരിക്കപ്പെടുകയും വായ്കൊണ്ട് ഏറ്റു
പറഞ്ഞു രക്ഷപ്രാപിക്കുകയും ചെയ്യുന്നു. 11"അ
ദ്ദേഹത്തിൽ വിശ്വസിക്കുന്നവന് ഒരുനാളും
ലജ്ജിക്കേണ്ടിവരികയില്ല[j]" എന്നു തി
രുവെഴുത്തു പറയുന്നുവല്ലോ. 12യഹൂദനും വി

[a] 25 ഹോശേയ2:23 [b] 26 ഹോശേയ1:10 [c] 28 യെശയ്യാവ് 10:22,23 [d] 29യെശയ്യാവ് 1:9
[e] 33യെശയ്യാവ് 8:14; 28:16 [f] 10:5 ലേവ്യ18:5 [g] 6 ആവർത്തനം 30:12 [h] 7 ആവർത്തനം 30:13
[i] ആവർത്തനം 30:14 [j] 11യെശയ്യാവ് 28:16

ജാതീയനും തമ്മിൽ ഒരു വ്യത്യാസവുമില്ല. എല്ലാ
വരുടെയും കർത്താവ് ഒരുവൻ അത്രേ. തന്നെ
വിളിച്ചപേക്ഷിക്കുന്ന എല്ലാവരെയും അനുഗ്രഹി
ക്കുവാൻ തക്കവണ്ണം അവിടുന്നു സമ്പന്നനാ
കുന്നു. 13"കർത്താവിൻെറ നാമം വിളിച്ചപേക്ഷി
ക്കുന്ന ഏവനും രക്ഷിക്കപ്പെടും[a] എന്നുണ്ടല്ലോ.
14എന്നാൽ തങ്ങൾ വിശ്വസിച്ചിട്ടില്ലാത്തവനെ
അവർ എങ്ങനെ വിളിച്ചപേക്ഷിക്കും? കേട്ടിട്ടി
ല്ലാത്തവനിൽ അവർ എങ്ങനെ വിശ്വസിക്കും?
ആരെങ്കിലും പ്രസംഗിക്കാതെ എങ്ങനെ കേൾ
ക്കും? 15അയയ്ക്കപ്പെടാതെ എങ്ങനെ പ്രസം
ഗിക്കും? "സുവാർത്തയുമായി വരുന്നവരുടെ
പാദം എത്ര മനോഹരം![b]" എന്ന് എഴുതിയിരി
ക്കുന്നുവല്ലോ. 16എന്നാൽ എല്ലാ യിസ്രായേല്യ
രും സുവിശേഷം അനുസരിച്ചിട്ടില്ല.
"കർത്താവേ, ഞങ്ങളുടെ സന്ദേശം ആരു വിശ്വ
സിച്ചിരിക്കുന്നു?[c]" എന്ന് യെശയ്യാവു ചോദി
ക്കുന്നുണ്ടല്ലോ. 17അങ്ങനെ വിശ്വാസം ദൈവി
ക സന്ദേശത്തിൻെറ കേൾവിയാലും കേൾവി
ക്രിസ്തുവിനെക്കുറിച്ചുള്ള വചനത്താലും ഉണ്ടാ
കുന്നു. 18എന്നാൽ അവർ കേട്ടില്ലയോ എന്നു
ഞാൻ ചോദിക്കുന്നു. തീർച്ചയായും അവർ കേട്ടി
രിക്കുന്നു.

"അവരുടെ ശബ്ദം സർവ്വഭൂമിയിലും,
അവരുടെ വാക്കുകൾ ലോകത്തിൻെറ
അതിർത്തിവരെയും ചെന്നെത്തിയി
രിക്കുന്നു[d]"

എന്ന് എഴുതിയിരിക്കുന്നുവല്ലോ.

19യിസ്രായേൽ ഗ്രഹിച്ചില്ലയോ? എന്നു ഞാൻ
വീണ്ടും ചോദിക്കുന്നു.

"ജനമല്ലാത്തവരെക്കൊണ്ടു ഞാൻ
നിങ്ങൾക്ക് അസൂയ ജനിപ്പിക്കും;
പരിജ്ഞാനമില്ലാത്ത ഒരു ജനതയെ
ക്കൊണ്ടു ഞാൻ നിങ്ങളെ കോപി
പ്പിക്കും.[e]"

എന്നു മോശെ പറയുന്നു.

20അതുപോലെ യെശയ്യാവും ധൈര്യപൂർവ്വം
പറയുന്നു:

"എന്നെ അന്വേഷിക്കാത്തവർ എന്നെ
കണ്ടെത്തി; എന്നെ ആവശ്യപ്പെ
ടാത്തവർക്കു ഞാൻ എന്നെത്തന്നേ
വെളിപ്പെടുത്തി [f]"

21എന്നാൽ യിസ്രായേല്യരെക്കുറിച്ചോ,

"അനുസരണംകെട്ടവരും നിഷേധികളു
മായ ജനങ്ങളിലേക്കു ഞാൻ ദിവസം
മുഴുവനും കൈനീട്ടി [g]"

എന്ന് അദ്ദേഹം പറയുന്നു.

*യിസ്രായേലിലെ ശേഷിപ്പ്*

11 ദൈവം തൻെറ ജനത്തെ ഉപേക്ഷി
ച്ചുവോ എന്നു ഞാൻ ചോദിക്കുന്നു. ഒരി
ക്കലുമില്ല. ഞാൻതന്നേ ഒരു യിസ്രായേല്യനും
അബ്രാഹാമിൻെറ പിൻഗാമിയും ബെന്യാ
മീൻഗോത്രക്കാരനും ആണല്ലോ. 2ദൈവം
മുന്നറിഞ്ഞ തൻെറ ജനത്തെ ഉപേക്ഷിച്ചിട്ടില്ല.
തിരുവെഴുത്തിൽ ഏലിയാവിനെക്കുറിച്ചുള്ള വി
വരണത്തിൽ പറയുന്നതെന്തെന്നു നിങ്ങൾക്കറി
ഞ്ഞുകൂടേ? 3അദ്ദേഹം യിസ്രായേലിനെതിരാ
യി ഇപ്രകാരം വാദിച്ചു: "കർത്താവേ, അവർ
അവിടുത്തെ പ്രവാചകന്മാരെ കൊല്ലുകയും യാ
ഗപീഠങ്ങൾ ഇടിച്ചു നിരത്തുകയും ചെയ്തിരി
ക്കുന്നു. ഞാൻ ഒരുവൻ മാത്രം ശേഷിച്ചിരി
ക്കുന്നു. അവർ എന്നെയും കൊല്ലുവാൻ ശ്രമി
ക്കുന്നു.[h]" 4ദൈവം അദ്ദേഹത്തിനു നല്കിയ
മറുപടി എന്തായിരുന്നു? "ബാലിനു മുട്ടു
മടക്കാത്ത ഏഴായിരം പേരെ ഞാൻ എനിക്കാ
യി സൂക്ഷിച്ചിരിക്കുന്നു.[i]" 5അങ്ങനെതന്നേ,
ഇക്കാലത്തും കൃപയാൽ തിരഞ്ഞെടുക്കപ്പെട്ട
ഒരു ശേഷിപ്പുണ്ട്. 6കൃപയാൽ എങ്കിൽ, അതു
പ്രവൃത്തികളാൽ ആയിരിക്കുകയില്ല; പ്രവൃത്തി
കളാലെങ്കിൽ കൃപ ഒരിക്കലും കൃപയായിരിക്കു
കയുമില്ല.

7എങ്കിൽ പിന്നെയെന്ത്? യിസ്രായേൽ അന്വേ
ഷിച്ചത് അവർ പ്രാപിച്ചില്ല. എന്നാൽ തിരഞ്ഞെടു
ക്കപ്പെട്ടവർ അതു പ്രാപിച്ചു. ശേഷമുള്ളവരോ
കഠിനപ്പെട്ടു.

8"ദൈവം അവർക്കു മരവിച്ച
ആത്മാവും കാണാത്ത കണ്ണുകളും
കേൾക്കാത്ത ചെവികളും നല്കി.
അത് ഇന്നും ആ നിലയിൽത്തന്നേ [j]"

എന്നെഴുതിയിരിക്കുന്നുവല്ലോ!

9ദാവീദ് ഇങ്ങനെ പറയുന്നു:

"അവരുടെ ഭക്ഷണമേശ അവർക്കൊരു
കെണിയും കുടുക്കും ആകട്ടെ; അത്
അവർക്ക് ഇടർച്ചയും പ്രതികാരവുമാ
യിത്തീരട്ടെ.
10കാണാൻ കഴിയാതവണ്ണം അവരുടെ
കണ്ണുകൾ ഇരുണ്ടുപോകട്ടെ; അവ
രുടെ മുതുക് എന്നേക്കും കുനിഞ്ഞു
പോകട്ടെ[k]."

*ഒട്ടിച്ചുചേർത്ത കൊമ്പുകൾ*

11ഞാൻ വീണ്ടും ചോദിക്കുന്നു: "എന്നേക്കു
മായി വീണുപോകേണ്ടതിനോ യിസ്രായേൽ
ഇടറിയത്?" ഒരിക്കലുമല്ല, പിന്നെയോ, അവർക്ക്

*a* 13 യോവേൽ 2:32 *b* 15 യെശയ്യാവ് 52:7 *c* 16 യെശയ്യാവ് 53:1 *d* 18 സങ്കീർത്തനം 19:4
*e* 19 ആവർത്തനം32:2 *f* 20 യെശയ്യാവ് 65:1 *g* 21 യെശയ്യാവ് 65:2 *h* 11:3 1രാജാക്കന്മാർ 19:10,14
*i* 41 രാജക്കന്മാർ 19:8 *j* 8 ആവർത്തനം 29:4; യെശയ്യാവ് 29:10 *k* 10 സങ്കീർത്തനം 69:22,23

അസൂയ ഉളവാക്കുവാൻ, അവരുടെ ലംഘനംമൂ
ലം വിജാതീയർക്കു രക്ഷ വന്നു എന്നേയുള്ളു.
12എന്നാൽ അവരുടെ ലംഘനം ലോകത്തിനു
ധനവും അവരുടെ തോൽവി വിജാതീയർക്കു
സമ്പത്തും വരുത്തിയെങ്കിൽ അവർ പൂർണ്ണമാ
യി ചേർക്കപ്പെടുമ്പോൾ ഉണ്ടാകുന്ന സമൃദ്ധി
എത്ര മഹത്തരമായിരിക്കും!

13ഇനി യഹൂദരല്ലാത്തവരോടു ഞാൻ
പറയുന്നു: വിജാതീയരുടെ അപ്പൊസ്തലൻ
എന്ന നിലയിൽ ഞാൻ എൻെറ ശുശ്രൂഷയിൽ
അഭിമാനിക്കുന്നു; 14കാരണം, സ്വന്തജനത്തിന്
എങ്ങനെയെങ്കിലും അസൂയ ഉളവാക്കി
അവരിൽ ചിലരെയെങ്കിലും രക്ഷപ്പെടുത്താമ
ല്ലോ. 15അവരെ തിരസ്കരിച്ചതു ലോക
ത്തിൻെറ അനുരജ്ഞനത്തിനു കാരണമാ
യെങ്കിൽ അവരുടെ അംഗീകാരം മരിച്ചവരിൽ
നിന്നുള്ള ഉയിർപ്പല്ലാതെ മറ്റെന്താണ്? 16ആദ്യ
ഫലമായി അർപ്പിക്കപ്പെടുന്ന ധാന്യമാവിൻെറ
അംശം വിശുദ്ധമെങ്കിൽ മാവു മുഴുവനും വി
ശുദ്ധം ആയിരിക്കും. വേരു വിശുദ്ധമെങ്കിൽ
കൊമ്പുകളും വിശുദ്ധംതന്നേ.

17നല്ല ഒലിവുവൃക്ഷത്തിൻെറ ചില കൊമ്പു
കൾ വെട്ടിമാറ്റിയിട്ട്, പകരം കാട്ടൊലിവിൻെറ
കൊമ്പായ നിന്നെ മറ്റു കൊമ്പുകളുടെ ഇടയിൽ
ഒട്ടിച്ചുചേർത്തതുമൂലം ഒലിവിൻെറ വേരിൽ
നിന്നുള്ള പോഷകരസത്തിനു പങ്കാളിയായി
ത്തീർന്നതോർത്ത് 18ആ കൊമ്പുകളുടെ
മുമ്പിൽ നീ പ്രശംസിക്കരുത്. പ്രശംസിക്കുന്നു
വെങ്കിൽ, നീ വേരിനെയല്ല, വേരു നിന്നെയാണു
വഹിക്കുന്നത് എന്ന് ചിന്തിച്ചുകൊൾക.
19എന്നെ ഒട്ടിച്ചുചേർക്കേണ്ടതിന് ആ കൊമ്പു
കൾ ഒടിച്ചുനീക്കിയെന്നു നീ പറഞ്ഞേക്കാം.
20ശരിതന്നേ, എന്നാൽ അവിശ്വാസം നിമിത്തമാ
ണ് അവരെ ഒടിച്ചുമാറ്റിയത്. നീ ചേർന്നു നി
ല്ക്കുന്നതു വിശ്വാസത്താലുമാണ്. അഹങ്കരി
ക്കാതെ ഭയപ്പെടുക. 21സ്വാഭാവികശാഖകളോ
ടു ദൈവം ദാക്ഷിണ്യം കാണിച്ചില്ല എങ്കിൽ
നിന്നോടും കാണിക്കുകയില്ല.

22അതുകൊണ്ടു ദൈവത്തിൻെറ ദയയും കർ
ക്കശത്വവും ഓർത്തുകൊള്ളുക; വീണവരോട്
കർക്കശത്വവും നിന്നോടോ, നീ അവിടുത്തെ
ദയയിൽ നിലനിന്നാൽ കാരുണ്യവും അവിടുന്നു
കാണിക്കും. അല്ലെങ്കിൽ നീയും ഛേദിക്കപ്പെടും.
23അവർ അവിശ്വാസത്തിൽ തുടരാത്തപക്ഷം
അവരെ വീണ്ടും ഒട്ടിച്ചുചേർക്കും; ഒട്ടിക്കുവാൻ
ദൈവത്തിനു കഴിയുമല്ലോ! 24പ്രകൃത്യാ കാട്ടൊ
ലിവിൻെറ ശാഖയായിരുന്ന നിന്നെ
മുറിച്ചെടുത്ത്, നട്ടുവളർത്തപ്പെട്ട ഒലിവു
മരത്തിൽ അസാധാരണമാംവിധം ഒട്ടിച്ചു
ചേർത്തുവെങ്കിൽ സ്വാഭാവികശാഖകളെ
സ്വന്തം ഒലിവുമരത്തിൽ ഒട്ടിച്ചുചേർക്കുന്നതി
നുള്ള സാധ്യത എത്രയധികം!

*രക്ഷ എല്ലാ യിസ്രായേല്യർക്കും*

25സഹോദരരേ, നിങ്ങൾ ദുരഭിമാനികളാകാ
തിരിക്കേണ്ടതിനു നിങ്ങൾ ഈ രഹസ്യം അറി
യാതിരിക്കരുതെന്നു ഞാനാഗ്രഹിക്കുന്നു. വി
ജാതീയരുടെ സംഖ്യ പൂർണ്ണമാകുവോളം
യിസ്രായേലിനു ഭാഗികമായി കാഠിന്യം സംഭവി
ച്ചിരിക്കുന്നു. 26അങ്ങനെ യിസ്രായേൽ മുഴു
വനും രക്ഷിക്കപ്പെടും.

"വിടുവിക്കുന്നവൻ സീയോനിൽനിന്നു
വരും; അവിടുന്നു യാക്കോബിൽനിന്ന്
അഭക്തി അകറ്റിക്കളയും.
27ഞാൻ അവരുടെ പാപങ്ങൾ നീക്കി
ക്കളയുമ്പോൾ ഇത് അവരോടുള്ള
എൻെറ ഉടമ്പടിയായിരിക്കും.[a]"

എന്ന് എഴുതപ്പെട്ടിരിക്കുന്നുവല്ലോ.
28സുവിശേഷത്തെ സംബന്ധിച്ചിടത്തോളം
അവർ നിങ്ങൾ നിമിത്തം ദൈവത്തിൻെറ ശത്രു
ക്കൾ; എന്നാൽ തിരഞ്ഞെടുപ്പു സംബന്ധിച്ചു
പിതാക്കന്മാർ നിമിത്തം ദൈവത്താൽ സ്നേഹി
ക്കപ്പെടുന്നവർ. 29എന്തെന്നാൽ ദൈവത്തിൻെറ
കൃപാവരങ്ങളും വിളിയും മാറ്റം വരാത്തവയാ
ണ്. 30ഒരു കാലത്ത് ദൈവത്തോട് അനു
സരണമില്ലാത്തവരായിരുന്ന നിങ്ങൾക്ക് ഇ
പ്പോൾ അവരുടെ അനുസരണക്കേടു നിമിത്തം
കരുണ ലഭിച്ചിരിക്കുന്നു. 31അതുപോലെ, നി
ങ്ങളോടുള്ള ദൈവത്തിൻെറ കരുണനിമിത്തം
അവർക്കും കരുണ ലഭിക്കേണ്ടതിന് അവരും ഇ
പ്പോൾ അനുസരണം കെട്ടവരായിത്തീർന്നിരി
ക്കുന്നു. 32ദൈവം എല്ലാവരെയും അനുസരണ
ക്കേടിൽ അടച്ചുകളഞ്ഞതിൻെറ ലക്ഷ്യം എല്ലാ
വരോടും കരുണ കാണിക്കുക എന്നതായിരുന്നു.

*സ്തുതിഗീതം*

33ഹാ, ദൈവത്തിൻെറ ജ്ഞാനം, അറിവ്
എന്നിവയുടെ ധന്യത എത്ര അഗാധം![b]
അവിടുത്തെ വിധികൾ എത്ര അപ്രമേയം!
അവിടുത്തെ വഴികൾ എത്ര അഗോചരം!
34"കർത്താവിൻെറ മനസ്സ് അറിഞ്ഞതാർ?
അവിടുത്തെ ഉപദേഷ്ടാവായിരുന്നത്
ആര്?[c] 35"തിരിച്ചുകിട്ടുവാനായി ദൈവത്തി
ന് എന്തെങ്കിലും കൊടുത്തിട്ടുള്ളത്
ആര്?[d] 36സകലവും ദൈവത്തിൽനിന്ന്,
ദൈവത്തിലൂടെ, ദൈവത്തിങ്കലേക്കുത
ന്നേ. അവിടുത്തേക്ക് എന്നേക്കും
മഹത്ത്വം ആമേൻ.

[a] 27യെശയ്യാവ് 59:20,21;27:9; യിരെമ്യാവ്31:33,34 [b] 33 അഥവാ, *ഹാ, ദൈവത്തിൻെറ ധനം, ജ്ഞാനം, അറിവ് എന്നിവ എത്ര അഗാധം!* [c] 34 യെശയ്യാവ് 40:13 [d] 35 ഇയ്യോബ് 41:11

*ജീവനുള്ള യാഗം*

12 ആകയാൽ സഹോദരരേ, ദൈവ
ത്തിൻെറ കാരുണ്യംമൂലം ഞാൻ നിങ്ങ
ളെ പ്രബോധിപ്പിക്കുന്നു: നിങ്ങളുടെ ശരീരങ്ങ
ളെ വിശുദ്ധവും ദൈവത്തിനു പ്രസാദകരവുമാ
യ ജീവനുള്ള യാഗമായി സമർപ്പിക്കുവിൻ; ഇത
ത്രേ നിങ്ങളുടെ ആത്മീയാരാധന. 2ഈ ലോ
കവ്യവസ്ഥയ്ക്ക് അനുരൂപരാകാതെ,
മനസ്സിൻെറ പുതുക്കത്തിലൂടെ നിങ്ങൾ രൂപാ
ന്തരപ്പെടുവിൻ. അപ്പോൾ നല്ലതും പ്രസാ
ദകരവും പരിപൂർണ്ണവുമായ ദൈവഹിതം എ
ന്തെന്നു ശോധനചെയ്ത് അംഗീകരിക്കുവാൻ
നിങ്ങൾ പ്രാപ്തരാകും.
3എനിക്കു ലഭിച്ചിരിക്കുന്ന കൃപയാൽ ഞാൻ
നിങ്ങളിൽ ഓരോരുത്തരോടും പറയുന്നു:
നിങ്ങൾ നിങ്ങളെക്കുറിച്ചുതന്നേ വേണ്ടതി
ലധികം ഭാവിക്കരുത്. ദൈവം നല്കിയ വിശ്വാ
സത്തിൻെറ അളവനുസരിച്ചു നിങ്ങളെത്തന്നേ
സമചിത്തതയോടെ വിലയിരുത്തുവിൻ.
4നമ്മിൽ ഓരോരുത്തർക്കും ഒരു ശരീരവും
അതിൽ പല അവയവങ്ങളുമുണ്ടല്ലോ. ഈ
അവയവങ്ങൾക്കെല്ലാം ഒരേ പ്രവൃത്തിയല്ല
ഉള്ളത്. 5അതുപോലെ, പലരായ നാം ക്രിസ്തു
വിൽ ഏകശരീരമത്രേ. ഓരോരുത്തരും മറ്റെല്ലാ
വരുടെയും വകയുമാണ്. 6നമുക്കു ലഭിച്ച
കൃപയനുസരിച്ചു വിഭിന്ന വരങ്ങളാണു നമു
ക്കുള്ളത്. ഒരുവൻെറ വരം പ്രവചനമാണെങ്കിൽ
അവൻ അതു തൻെറ വിശ്വാസത്തിൻെറ
അളവനുസരിച്ചു[a] വിനിയോഗിക്കട്ടെ.
7സേവനത്തിനുള്ള വരമാണെങ്കിൽ സേവിക്കു
കയും പഠിപ്പിക്കുവാനുള്ള വരമാണെങ്കിൽ പഠി
പ്പിക്കുകയും ചെയ്യട്ടെ. 8പ്രോത്സാഹനത്തിനുള്ള
വരമാണുള്ളതെങ്കിൽ പ്രോത്സാഹിപ്പിക്കട്ടെ; മറ്റു
ള്ളവരുടെ ആവശ്യങ്ങൾക്കുവേണ്ടി നല്കുവാ
നുള്ള വരമെങ്കിൽ ഔദാര്യത്തോടെ നല്കട്ടെ;
നേതൃത്വത്തിനുള്ള വരമെങ്കിൽ ശു
ഷ്കാന്തിയോടെ ഭരിക്കട്ടെ; കരുണ കാണിക്കു
വാനുള്ള വരമെങ്കിൽ അതു സന്തോഷപൂർവ്വം
ചെയ്യട്ടെ.

*സ്നേഹം*

9സ്നേഹം നിർവ്യാജം ആയിരിക്കണം. തിന്മ
യെ വെറുക്കുകയും നന്മയോടു പറ്റിച്ചേരുകയും
വേണം. 10സഹോദരതുല്യം അന്യോന്യം സ്നേ
ഹിക്കുവിൻ. തങ്ങളെക്കാൾ അധികം മറ്റുള്ളവ
രെ ബഹുമാനിക്കുവിൻ. 11ഉത്സാഹത്തിൽ
ക്ഷീണിക്കാതെ ആത്മാവിൽ ജ്വലിക്കുന്നവ
രായി കർത്താവിനെ സേവിക്കുവിൻ. 12പ്രത്യാ
ശയിൽ സന്തോഷിക്കുവിൻ; ക്ലേശങ്ങളിൽ സ്ഥി
രത ഉള്ളവരായിരിപ്പിൻ. 13വിശുദ്ധരുടെ ആവശ്യ
ങ്ങളിൽ കൂട്ടായ്മ കാണിക്കുകയും അതിഥിസൽ
ക്കാരം ആചരിക്കുകയും ചെയ്യുവിൻ.
14 നിങ്ങളെ പീഡിപ്പിക്കുന്നവരെ അനുഗ്രഹി
ക്കുവിൻ; ശപിക്കാതെ അനുഗ്രഹിക്കുവിൻ. 15സ
ന്തോഷിക്കുന്നവരോടുകൂടെ സന്തോഷിക്കുക
യും വിലപിക്കുന്നവരോടുകൂടെ വിലപിക്കുക
യും ചെയ്യുവിൻ. 16പരസ്പര ഐക്യത്തിൽ ജീ
വിക്കുവിൻ; അഹങ്കരിക്കാതെ എളിയവരോടു
സഹകരിച്ചു ജീവിക്കുവാൻ സന്നദ്ധരാകുവിൻ;
ദുരഭിമാനികളാകരുത്. 17ആർക്കും തിന്മയ്ക്കു
പകരം തിന്മ ചെയ്യരുത്. എല്ലാവരുടെയും ദൃഷ്
ടിയിൽ ശരിയായിട്ടുള്ളതു ചെയ്യാൻ ശ്രദ്ധിക്കു
വിൻ. 18കഴിവതും എല്ലാവരോടും സമാധാന
ത്തിൽ വർത്തിക്കുവിൻ. 19പ്രിയരേ, നിങ്ങൾ
തന്നേ പ്രതികാരം ചെയ്യാതെ, ദൈവക്രോധത്തി
ന് ഇടം കൊടുക്കുവിൻ. ഇങ്ങനെ എഴുതപ്പെട്ടി
രിക്കുന്നു: "പ്രതികാരം എനിക്കുള്ളത്, ഞാൻ
പകരം ചെയ്യും[b]" എന്ന് കർത്താവ് അരുളിച്ചെയ്യു
ന്നു. 20നേരേമറിച്ച്,

"ശത്രുവിനു വിശക്കുന്നുവെങ്കിൽ,
ഭക്ഷണം നല്കുക; ദാഹിക്കുന്നുവെ
ങ്കിൽ, കുടിക്കാൻ കൊടുക്കുക. ഇങ്ങനെ
ചെയ്യുമ്പോൾ, നീ അവൻെറ തലമേൽ
തീക്കനൽ കോരിക്കൂട്ടും.[c]"

21തിന്മയോടു തോല്ക്കരുത്; പിന്നെയോ
നന്മയാൽ തിന്മയെ കീഴടക്കുവിൻ.

*അധികാരികളോടുള്ള വിധേയത്വം*

13 ഓരോരുത്തനും ഭരണാധികാരി
കൾക്കു കീഴ്പ്പെട്ടിരിക്കണം, എന്തെ
ന്നാൽ ദൈവത്തിൽനിന്നല്ലാതെ ഒരധികാരവു
മില്ല. നിലവിലുള്ള അധികാരങ്ങളോ ദൈവ
ത്താൽ സ്ഥാപിതമാണ്. 2അതുകൊണ്ട് അധി
കാരത്തെ ധിക്കരിക്കുന്നവൻ ദൈവവ്യവസ്ഥ
യെ ധിക്കരിക്കുന്നു. അങ്ങനെ ചെയ്യുന്നവർ
തങ്ങൾക്കുതന്നേ ശിക്ഷാവിധി വരുത്തി
വയ്ക്കും. 3സന്മാർഗ്ഗികൾക്കല്ല ദുർമ്മാർഗ്ഗികൾ
ക്കാണ് ഭരണാധികാരികളെ ഭയപ്പെടേണ്ടിവരു
ന്നത്. അധികാരിയോടുള്ള ഭയത്തിൽനിന്നു
സ്വതന്ത്രനായിരിപ്പാൻ നീ ആഗ്രഹിക്കുന്നുവോ?
എങ്കിൽ, നല്ലതു പ്രവർത്തിക്കുക. അയാൾ
നിന്നെ പുകഴ്ത്തും. 4അയാൾ നിൻെറ
നന്മയ്ക്കായി നിയോഗിക്കപ്പെട്ട ദൈവശുശ്രൂ
ഷകനത്രേ. എന്നാൽ നീ തെറ്റു ചെയ്യുന്നു
എങ്കിലോ ഭയപ്പെടണം. വെറുതെയല്ല അയാൾ
വാൾ വഹിക്കുന്നത്. അയാൾ ദൈവത്തിൻെറ
ഭൃത്യനും തെറ്റു ചെയ്യുന്നവനെ ശിക്ഷിക്കുവാൻ
ദൈവകോപത്തിൻെറ കാര്യസ്ഥനുമാണ്.
5ആകയാൽ, ശിക്ഷയെ ഭയന്നുമാത്രമല്ല, മനസ്സാ
ക്ഷിയെ വിചാരിച്ചും അധികാരികൾക്കു കീഴട

[a] 12:6 അഥവാ, *വിശ്വാസത്തിനു ചേർന്നവിധം* [b] 19 ആവർത്തനം 32:35 [c] 20 സുഭാഷിതങ്ങൾ 25:21,22

ങ്ങേണ്ടത് ആവശ്യമാണ്.
6ഇക്കാരണത്താലാണു നിങ്ങൾ നികുതി കൊ
ടുക്കുന്നത്. അധികാരികൾ മുഴുവൻസമയവും
ഭരണകാര്യത്തിൽ വ്യാപൃതരായ ദൈവഭൃത്യരാ
ണ്. 7ഓരോരുത്തർക്കും കടപ്പെട്ടിരിക്കുന്നതു
കൊടുക്കുവിൻ. നികുതിയെങ്കിൽ നികുതി; ചു
ങ്കമെങ്കിൽ ചുങ്കം; ആദരവെങ്കിൽ ആദരവ്; ബഹു
മാനമെങ്കിൽ ബഹുമാനം.

*സ്നേഹിക്കുക, ദിവസം അടുത്തിരിക്കുന്നു*

8സ്നേഹിപ്പാനുള്ള കടപ്പാടൊഴികെ ആരോ
ടും ഒന്നും കടപ്പെട്ടിരിക്കരുത്. അയൽക്കാരനെ
സ്നേഹിക്കുന്നവൻ ന്യായപ്രമാണം നിറവേറ്റി
യിരിക്കുന്നു. 9"വ്യഭിചാരം ചെയ്യരുത്", "കൊല
ചെയ്യരുത്", "മോഷ്ടിക്കരുത്", "മോഹിക്കരു
ത്[a]" എന്നു തുടങ്ങി എന്തെല്ലാം കല്പനകൾ
ഉണ്ടോ അവയെല്ലാം "നിന്റെ അയല്ക്കാരനെ
നിന്നെപ്പോലെ സ്നേഹിക്കുക[b]" എന്ന ഒരേ
യൊരു കല്പനയിൽ സംക്ഷേപിച്ചിരിക്കുന്നു.
10സ്നേഹം അയല്ക്കാരനു ദോഷം
വരുത്തുന്നില്ല; അതിനാൽ സ്നേഹം ന്യായപ്രമാ
ണത്തിന്റെ പൂർത്തീകരണം തന്നേ.
11ഈ കാലം ഏതെന്നും നിദ്രയിൽനിന്ന് ഉണ
രേണ്ട സമയം വന്നെത്തിയിരിക്കുന്നു എന്നും
അറിഞ്ഞ് ഇതൊക്കെയും ചെയ്യുക. നാം ആദ്യം
വിശ്വസിച്ച സമയത്തേക്കാൾ, രക്ഷ ഇപ്പോൾ
നമുക്കു കൂടുതൽ അടുത്തിരിക്കുന്നു. 12രാത്രി
കഴിയാറായി, പകൽ സമീപിച്ചിരിക്കുന്നു. അതി
നാൽ നമുക്ക് ഇരുട്ടിന്റെ പ്രവൃത്തികളെ വിട്ടു
കളഞ്ഞിട്ടു വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരി
ക്കാം. 13പകൽസമയത്ത് എന്നപോലെ നമുക്കു
മാന്യമായി ജീവിക്കാം, പാനോത്സവങ്ങളിലും
മദ്യലഹരിയിലുമല്ല, ദുർവൃത്തിയിലും ഭോഗാ
സക്തിയിലുമല്ല, ഭിന്നതയിലും അസൂയയിലു
മല്ല നാമിനി ജീവിക്കേണ്ടത്. 14പിന്നെയോ,
കർത്താവായ യേശുക്രിസ്തുവിനെത്തന്നേ ധരി
ച്ചുകൊൾവിൻ. ജഡത്തിന്റെ മോഹങ്ങളെ
തൃപ്തിപ്പെടുത്തുവാൻ ആഗ്രഹിക്കരുത്.

*ശക്തരും അശക്തരും*

14 വിശ്വാസത്തിൽ ബലഹീനനായവനെ
സ്വീകരിക്കുവിൻ. അവന്റെ വിവാ
ദപരമായ അഭിപ്രായങ്ങളെപ്പറ്റി വിധി കല്പി
ക്കരുത്. 2ഒരുവന്റെ വിശ്വാസം എന്തും ഭക്ഷി
ക്കുവാൻ അവനെ അനുവദിക്കുന്നു; എന്നാൽ
വിശ്വാസത്തിൽ ബലഹീനനായവൻ സസ്യാദി
കൾമാത്രം ഭക്ഷിക്കുന്നു. 3എല്ലാം തിന്നുന്നവൻ
തിന്നാത്തവന്റെനേരേ അവജ്ഞ കാണിക്കരു
ത്. അതുപോലെതന്നേ, എല്ലാം തിന്നാത്തവൻ
തിന്നുന്നവനെ കുറ്റം വിധിക്കയുമരുത്, ദൈവം
അവനെ അംഗീകരിച്ചിരിക്കുന്നുവല്ലോ! 4മറ്റൊ
രുവന്റെ ദാസനെ വിധിക്കാൻ നീയാര്? അവൻ
നില്ക്കുന്നതോ വീഴുന്നതോ അവന്റെ സ്വന്തം
യജമാനന്റെ ദൃഷ്ടിയിലാണ്, അവനെ താങ്ങി
നിർത്തുവാൻ കഴിയുന്ന യജമാനൻ അവനെ
നിർത്തിക്കൊള്ളും; നിർത്തുവാൻ കർത്താവി
നു കഴിയുമല്ലോ!
5ഒരുവൻ ഒരു ദിവസത്തെ മറ്റൊരു ദിവസ
ത്തേക്കാൾ ശ്രേഷ്ഠമെന്നു കരുതുന്നു; മറ്റൊ
രാൾ എല്ലാ ദിവസങ്ങളെയും തുല്യമായി പരി
ഗണിക്കുന്നു. ഓരോരുത്തനും അവനവന്റെ
മനസ്സിൽ പൂർണ്ണബോധ്യം ഉണ്ടായിരിക്കട്ടെ.
6ഒരു ദിവസത്തിനു വിശേഷത കല്പിക്കു
ന്നവൻ കർത്താവിനുവേണ്ടി അങ്ങനെ ചെയ്യു
ന്നു. മാംസം ഭക്ഷിക്കുന്നവനും അതിനായി
ദൈവത്തെ സ്തുതിക്കുന്നതുകൊണ്ടു കർത്താ
വിന്റെ മഹത്വത്തിനുവേണ്ടി ഭക്ഷിക്കുന്നു.
അതു വർജ്ജിക്കുന്നവനും കർത്താവിനുവേണ്ടി
വർജ്ജിക്കുകയും സ്തോത്രം ചെയ്യുകയും
ചെയ്യുന്നു. 7എന്തെന്നാൽ നമ്മിലാരും തനി
ക്കുവേണ്ടിത്തന്നേ ജീവിക്കുന്നില്ല; ആരും തനി
ക്കുവേണ്ടിത്തന്നേ മരിക്കുന്നതുമില്ല. 8ജീവി
ക്കുന്നുവെങ്കിൽ നാം കർത്താവിനുവേണ്ടി ജീ
വിക്കുന്നു; മരിക്കുന്നുവെങ്കിൽ കർത്താവി
നുവേണ്ടി മരിക്കുന്നു. അതുകൊണ്ടു, ജീവിച്ചാ
ലും മരിച്ചാലും നാം കർത്താവിനുള്ളവരാണ്.
9മരിച്ചവരുടെയും ജീവിച്ചിരിക്കുന്നവരു
ടെയും കർത്താവായിരിക്കേണ്ടതിനല്ലോ ക്രി
സ്തു മരിക്കുകയും വീണ്ടും ജീവിക്കുകയും
ചെയ്തത്. 10എങ്കിൽ പിന്നെ, നീ എന്തിനു സ
ഹോദരനെ വിധിക്കുന്നു? അഥവാ എന്തിനു സ
ഹോദരനെ അവജ്ഞയോടെ വീക്ഷിക്കുന്നു?
നാമെല്ലാവരും ദൈവത്തിന്റെ ന്യായാ
സനത്തിനുമുമ്പിൽ നില്ക്കേണ്ടിവരുമല്ലോ.
11തിരുവെഴുത്തിൽ ഇങ്ങനെ എഴുതിയിരി
ക്കുന്നു:
"എന്റെ മുമ്പിൽ എല്ലാ മുഴങ്കാലും
മടങ്ങും, എല്ലാനാവും ദൈവത്തോട്
ഏറ്റുപറയും[c]"
എന്നിങ്ങനെ കർത്താവ് ആണയിട്ടു പറയുന്നു.
12അതിനാൽ നാം ഓരോരുത്തരും അവ
നവനെക്കുറിച്ചു ദൈവത്തോടു കണക്കു ബോ
ധിപ്പിക്കേണ്ടിവരും.
13അതുകൊണ്ടു നാം ഇനി അന്യോന്യം വി
ധിക്കുന്നതു നിർത്തുക. നേരേ മറിച്ച്, സഹോ
ദരന്റെ വഴിയിൽ ഇടർച്ചയോ തടസ്സമോ
വയ്ക്കാതിരിക്കാൻ തീരുമാനിച്ചുകൊൾക.
14ഒരു ഭക്ഷണവും[d] അതിൽത്തന്നേ അശുദ്ധമല്ല

[a] 9 പുറപ്പാട് 20:13-15,17; ആവർത്തനം 5:17-19, 21 [b] 9 ലേവ്യ 19:18 [c] 11 യെശയ്യാവ് 45:23 [d] 14 അഥവാ, *യാതൊന്നും*

എന്നു കർത്താവായ യേശുവിൽ ആയിരിക്കുന്ന
എനിക്കു തികഞ്ഞ ബോധ്യമുണ്ട്. എന്നാൽ ഏ
തെങ്കിലും വസ്തു അശുദ്ധമെന്നു കരുതുന്നവന്
അത് അശുദ്ധം തന്നേ. 15നിന്റെ ഭക്ഷണം സ
ഹോദരനു മനഃക്ലേശമുളവാക്കുന്നുവെങ്കിൽ നീ
സ്നേഹത്തിൽ നടക്കുന്നില്ല. ആർക്കുവേണ്ടി
ക്രിസ്തു മരിച്ചുവോ ആ സഹോദരനെ നിന്റെ
ഭക്ഷണംകൊണ്ട് നശിപ്പിക്കരുത്.

16നിങ്ങൾ ശരിയെന്നു കരുതി ചെയ്യുന്ന ഒരു
കാര്യത്തെ അന്യർ ദുഷിച്ചു പറയുവാൻ ഇട
വരുത്തരുത്. 17എന്തെന്നാൽ ദൈവരാജ്യം
ഭക്ഷണത്തിന്റെയും പാനീയത്തിന്റെയും കാ
ര്യമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാ
വിലുള്ള സന്തോഷവുമത്രേ. 18ഇങ്ങനെ ക്രി
സ്തുവിനെ സേവിക്കുന്നവൻ ദൈവത്തിനു
പ്രസാദമുള്ളവനും മനുഷ്യർക്കു സ്വീകാര്യനു
മാണ്. 19ആകയാൽ നമുക്ക് സമാധാനത്തിനും
അന്യോന്യം ആത്മിക പരിപോഷണത്തിനും
വേണ്ടി ഉറ്റു ശ്രമിക്കാം. 20ദൈവത്തിന്റെ
പ്രവൃത്തിയെ ഭക്ഷണത്തിന്റെ പേരിൽ നശി
പ്പിക്കരുത്. എല്ലാ ഭക്ഷണവും ശുദ്ധമാണ്.
എന്നാൽ മറ്റുള്ളവർക്ക് ഇടർച്ചയുണ്ടാക്കുന്ന
വസ്തു ഭക്ഷിക്കുന്നത് ദോഷംതന്നേ. 21മാംസം
തിന്നാതെയും വീഞ്ഞു കുടിക്കാതെയും നിന്റെ
സഹോദരന്റെ വീഴ്ചയ്ക്കിടയാക്കുന്ന
യാതൊന്നും ചെയ്യാതെയും ഇരിക്കുന്നതു
നല്ലത്.

22ഈ കാര്യങ്ങളെക്കുറിച്ചുള്ള നിന്റെ വി
ശ്വാസം നീയും ദൈവവും തമ്മിലുള്ള ഒരു കാ
ര്യമായി കരുതിക്കൊൾക, താൻ അംഗീകരി
ക്കുന്ന കാര്യത്തിൽ തന്നെത്താൻ കുറ്റം വിധി
ക്കാത്തവൻ ഭാഗ്യവാൻ. 23സംശയത്തോടെ
ഭക്ഷിക്കുന്നവനോ താൻ ഭക്ഷിക്കുന്നതു വിശ്വാ
സത്തിന്റെ അടിസ്ഥാനത്തിലല്ലാത്തതിനാൽ
കുറ്റക്കാരനാകുന്നു. വിശ്വാസത്തിൽനിന്നു
ഉത്ഭവിക്കാത്തതെല്ലാം പാപംതന്നേ.

15 ശക്തരായ നാം അശക്തരുടെ ദൗർ
ബ്ബല്യങ്ങൾ വഹിക്കണം; നമ്മെത്തന്നേ
പ്രീതിപ്പെടുത്തുകയല്ല വേണ്ടത്. 2നാം ഓരോ
രുത്തരും അയൽക്കാരന്റെ നന്മയ്ക്കായി,
അയാളുടെ ഉന്നമനം മുൻനിർത്തി അയാളെ പ്രീ
തിപ്പെടുത്താൻ ശ്രമിക്കണം. 3ക്രിസ്തുവും സ്വ
യംപ്രസാദിപ്പിച്ചില്ല: "നിന്നെ നിന്ദിക്കുന്നവരുടെ
നിന്ദ എന്റെമേൽ വീണു[a]" എന്നാണല്ലോ എഴു
തിയിരിക്കുന്നത്. 4മുമ്പ് എഴുതപ്പെട്ടവയെല്ലാം,
നമ്മുടെ പ്രബോധനത്തിനായിട്ടാണ്. സഹി
ഷ്ണുതയാലും തിരുവെഴുത്തുകളിൽനിന്നു ലഭി
ക്കുന്ന പ്രോത്സാഹനത്താലും നമുക്കു പ്രത്യാ
ശയുണ്ടാകുവാൻ അവ എഴുതപ്പെട്ടിരിക്കുന്നു.
5സഹിഷ്ണുതയും പ്രോത്സാഹനവും
നല്കുന്ന ദൈവം, ക്രിസ്തുയേശുവിന് അനുരൂ
പരായി പരസ്പരൈക്യത്തിൽ ജീവിക്കാൻ നി
ങ്ങളെ സഹായിക്കട്ടെ. 6അങ്ങനെ നിങ്ങൾ
ഏകഹൃദയത്തോടും ഏകസ്വരത്തിലും നമ്മുടെ
കർത്താവായ യേശുക്രിസ്തുവിന്റെ പിതാ
വായ ദൈവത്തെ മഹത്ത്വപ്പെടുത്തുവാൻ
ഇടയാകട്ടെ.

7അതുകൊണ്ട് ദൈവമഹത്ത്വത്തിനായി ക്രി
സ്തു നിങ്ങളെ സ്വീകരിച്ചതുപോലെ നിങ്ങളും
അന്യോന്യം സ്വീകരിക്കുവിൻ. 8ക്രിസ്തു യഹൂ
ദരുടെ ശുശ്രൂഷകനായിത്തീർന്നത്, പൂർവ്വപിതാ
ക്കന്മാർക്കു നല്കപ്പെട്ട വാഗ്ദാനങ്ങൾ
ദൈവത്തിന്റെ സത്യപ്രകാരം ഉറപ്പാക്കുവാൻ
മാത്രമല്ല, 9പിന്നെയോ,

"വിജാതീയരും ദൈവത്തെ,
അവിടുത്തെ കരുണനിമിത്തം,
മഹത്ത്വീകരിക്കേണ്ടതിനാണെന്ന്
ഞാൻ കീർത്തനങ്ങൾ പാടും."[b]

എന്നെഴുതിയിരിക്കുന്നു.

10വീണ്ടും
"വിജാതീയരേ, അവിടുത്തെ ജന
ത്തോടു ചേർന്നു സന്തോഷിപ്പിൻ"[c]

എന്നും

11"വിജാതീയരായ സകലരുമേ,
കർത്താവിനെ സ്തുതിപ്പിൻ, സകല
ജനങ്ങളും ദൈവത്തെ പുകഴ്ത്തട്ടെ"[d]

എന്നു എഴുതിയിരിക്കുന്നു.

12പിന്നെയും, യെശയ്യാവ് പറയുന്നു:
"യിശ്ശായിയുടെ വേരിൽനിന്നു ജനത
കളെ ഭരിപ്പാനുള്ളവൻ ഉത്ഭവിക്കും.
അന്യജനസമൂഹങ്ങൾ അദ്ദേഹത്തിൽ
പ്രത്യാശിക്കും."[e]

13പ്രത്യാശ നൽകുന്ന ദൈവം തന്നിൽ വി
ശ്വാസം അർപ്പിക്കുന്ന നിങ്ങളെ സകല സന്തോ
ഷത്താലും സമാധാനത്താലും നിറയ്ക്കട്ടെ.
അങ്ങനെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ
നിങ്ങളിൽ പ്രത്യാശ കവിഞ്ഞൊഴുകുകയും
ചെയ്യുമാറാകട്ടെ.

*പൗലൊസ്, വിജാതീയരുടെ ശുശ്രൂഷകൻ*

14എന്റെ സഹോദരരേ, നിങ്ങൾതന്നേ
നന്മനിറഞ്ഞവരും പരിജ്ഞാനപൂർണ്ണരും
പരസ്പരം പ്രബോധിപ്പിക്കുവാൻ സമർത്ഥരും
ആണെന്ന് എനിക്കുറപ്പുണ്ട്. എന്നാൽ നിങ്ങ
ളെ വീണ്ടും ഓർമ്മപ്പെടുത്തുവാനെന്നവണ്ണം
ചില കാര്യങ്ങളെക്കുറിച്ചു ധൈര്യമായി ഞാൻ
നിങ്ങൾക്കെഴുതിയിരിക്കുന്നു. ദൈവത്തിന്റെ
സുവിശേഷം അറിയിക്കുക എന്ന പുരോഹി

[a] 15:3സങ്കീർത്തനം 69:9 [b] 9 2ശമുവേൽ 22:9; സങ്കീർത്തനം 18:49 [c] 10 ആവർത്തനം 32:43
[d] 11സങ്കീർത്തനം 117:1 [e] 12 യെശയ്യാവ് 11:10

തധർമ്മത്തോടുകൂടി 16വിജാതീയർക്കു ക്രി
സ്തുയേശുവിൻെറ ശുശ്രൂഷകനായിരിപ്പാൻ
ദൈവം എനിക്കു നല്കിയ കൃപ നിമിത്തമത്രേ
അങ്ങനെ എഴുതിയത്. ഈ ശുശ്രൂഷയുടെ ഉ
ദ്ദേശ്യം, വിജാതീയർ ദൈവത്തിനു സ്വീകാര്യ
വും പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിക്ക
പ്പെട്ടതുമായ വഴിപാടായിത്തീരുക എന്നതത്രേ.
17അതുകൊണ്ടു ദൈവത്തിനുവേണ്ടിയുള്ള
എൻെറ ശുശ്രൂഷ സംബന്ധിച്ചു ക്രിസ്തുയേശു
വിൽ ഞാൻ അഭിമാനിക്കുന്നു. 18പരിശുദ്ധാത്മാ
വിൻെറ ശക്തിയാൽ അത്ഭുതങ്ങളുടെയും
അടയാളങ്ങളുടെയും പ്രഭാവത്തോടെ 19ഞാൻ
സംസാരിച്ചതും പ്രവർത്തിച്ചതുമായ കാര്യങ്ങൾ
മുഖാന്തരം ദൈവത്തോടുള്ള അനു
സരണത്തിലേക്കു വിജാതീയരെ നയിക്കുവാൻ
എന്നിലൂടെ ക്രിസ്തു നിർവ്വഹിച്ച കാര്യങ്ങ
ളെക്കുറിച്ചല്ലാതെ മറ്റൊന്നും സംസാരിക്കുവാൻ
ഞാൻ മുതിരുകയില്ല. അങ്ങനെ ഞാൻ യെരൂശ
ലേം മുതൽ ഇല്ലൂര്യവരെയും ചുറ്റിസഞ്ചരിച്ചു
ക്രിസ്തുവിൻെറ സുവിശേഷം പൂർണ്ണമായി
ഘോഷിച്ചിരിക്കുന്നു.20മറ്റൊരാളിൻെറ അടി
സ്ഥാനത്തിന്മേൽ ഞാൻ പണിയുന്നു എന്നു
വരാതിരിക്കാൻ, ക്രിസ്തുവിനെ അറിഞ്ഞിട്ടി
ല്ലാത്ത സ്ഥലങ്ങളിൽ സുവിശേഷം അറിയിക്കു
ക എന്നതാണ് എൻെറ അഭിവാഞ്ഛ.

21"അവിടുത്തെക്കുറിച്ച് അറിവു ലഭിച്ചി
ട്ടില്ലാത്തവർ കാണും;
കേട്ടിട്ടില്ലാത്തവർ മനസ്സിലാക്കും[a]"

എന്നല്ലോ എഴുതിയിരിക്കുന്നത്.
22ഇക്കാരണത്താലാണ് എനിക്കു നിങ്ങളുടെ
അടുത്തെത്തുന്നതിനു പലപ്പോഴും തടസ്സം
നേരിട്ടത്.

### *റോം സന്ദർശിക്കുവാനുള്ള പൗലൊസിൻെറ ഉദ്ദേശ്യം*

23എന്നാൽ ഇപ്പോൾ ഈ പ്രദേശങ്ങളിൽ
എനിക്കു പ്രവർത്തിക്കാൻ ഇനിയും സ്ഥല
മൊന്നും അവശേഷിക്കാത്തതുകൊണ്ടും, ഏറെ
വർഷങ്ങളായി നിങ്ങളെ കാണാൻ ആഗ്രഹിച്ചി
രിക്കുന്നതു കൊണ്ടും, 24സ്പെയിനിലേക്കുള്ള
എൻെറ യാത്രാമദ്ധ്യേ ഞാൻ നിങ്ങളെ സന്ദർശി
ക്കുവാൻ ഉദ്ദേശിക്കുന്നു. കുറച്ചുസമയം നിങ്ങ
ളോടുള്ള കൂട്ടായ്മയിൽ സന്തോഷിച്ചിട്ട്, നി
ങ്ങളുടെ സഹായത്തോടെ യാത്ര തുടരാമെന്നു
ഞാൻ ആശിക്കുന്നു. 25എങ്കിലും ഇപ്പോൾ യെരൂ
ശലേമിലുള്ള വിശുദ്ധരുടെ ശുശ്രൂഷയ്ക്കായി
അവിടേക്കു പോകുകയാണ്. 26യെരൂശലേമിലെ
വിശുദ്ധരിൽ ദരിദ്രരായവർക്ക് ഒരു സംഭാവന
നല്കുവാൻ മാസിഡോണിയായിലും അഖാ
യയിലും ഉള്ളവർക്കു താൽപര്യമുണ്ടായി.
27തങ്ങളുടെ സന്മനസ്സുകൊണ്ടാണ് അവരതു
ചെയ്തത്; അവർക്കു വാസ്തവത്തിൽ അതി
നുള്ള കടപ്പാടും ഉണ്ട്. എന്തെന്നാൽ അവർ
യഹൂദന്മാരുടെ ആത്മീയാനുഗ്രഹങ്ങളിൽ പങ്കാ
ളികളെങ്കിൽ തങ്ങളുടെ ഭൗതികാനുഗ്രഹങ്ങൾ
യഹൂദരുമായി പങ്കുവയ്ക്കുവാനും അവർക്കു
ബാധ്യതയുണ്ട്. 28അതുകൊണ്ട്, ഈ ജോലി
പൂർത്തിയാക്കുകയും ശേഖരിച്ചത് അവരെ
ഏല്പിക്കുകയും ചെയ്തശേഷം ഞാൻ സ്പെ
യിനിലേക്കു പോകുന്നവഴി നിങ്ങളെ സന്ദർ
ശിക്കും. 29ഞാൻ നിങ്ങളുടെ അടുത്തെ
ത്തുന്നതു ക്രിസ്തുവിൻെറ അനുഗ്രഹ പൂർണ്ണത
യോടെ ആയിരിക്കുമെന്ന് എനിക്കറിയാം.
30സഹോദരരേ, നമ്മുടെ കർത്താവായ
യേശുക്രിസ്തുവിൻെറയും ആത്മാവിലുള്ള
സ്നേഹത്തിൻെറയും പേരിൽ ഞാൻ നിങ്ങ
ളോട് അഭ്യർത്ഥിക്കുന്നു. എനിക്കുവേണ്ടി ദൈവ
ത്തോടുള്ള പ്രാർത്ഥനയിലൂടെ നിങ്ങൾ എൻെറ
പോരാട്ടത്തിൽ എന്നോടു സഹകരിക്കണം.
31യഹൂദ്യയിലെ അവിശ്വാസികളിൽനിന്നു
ഞാൻ വിടുവിക്കപ്പെടുന്നതിനും യെരൂശ
ലേമിലെ എൻെറ സേവനം അവിടെയുള്ള വി
ശുദ്ധർക്കു സ്വീകാര്യമാകുന്നതിനുംവേണ്ടി
പ്രാർത്ഥിക്കുവിൻ. 32അങ്ങനെ ദൈവേഷ്ടത്താ
ൽ, ഞാൻ സന്തോഷത്തോടെ നിങ്ങളുടെ അടു
ക്കൽ വരുവാനും നിങ്ങളോടൊപ്പം നവോന്മേഷം
പ്രാപിക്കുവാനും എനിക്ക് ഇടയാകട്ടെ. 33സമാ
ധാനത്തിൻെറ ദൈവം നിങ്ങളെല്ലാവരോടും
കൂടെ ഇരിക്കട്ടെ, ആമേൻ.

### *വ്യക്തിപരമായ അഭിവാദനങ്ങൾ*

16 കെംക്രെയസഭയിലെ ശുശ്രൂഷകയായ,
നമ്മുടെസഹോദരി ഫേബയ്ക്കു വേ
ണ്ടി ഞാൻ നിങ്ങൾക്ക് എഴുതുന്നു. 2വിശുദ്ധർ
ക്കു യോഗ്യമായ വിധത്തിൽ, നിങ്ങൾ ഫേബ
യെ കർത്താവിൻെറ നാമത്തിൽ സ്വീകരിച്ചു
നിങ്ങളിൽനിന്ന് ആവശ്യമായേക്കാവുന്ന ഏതു
സഹായവും അവർക്കു ചെയ്തുകൊടുക്കണ
മെന്ന് ഞാൻ ആവശ്യപ്പെടുന്നു. എനിക്കും മറ്റു
പലർക്കും അവർ വലിയ സഹായി ആയിരുന്നു.

3ക്രിസ്തുയേശുവിൽ എൻെറ സഹ
പ്രവർത്തകരായ പ്രിസ്കില്ലയെയും
അക്വിലാവിനെയും എൻെറ അഭി
വാദനം അറിയിക്കുവിൻ.
4അവർ എനിക്കുവേണ്ടി ജീവൻ പണയ
പ്പെടുത്തിയവരാണ്. ഞാൻ മാത്രമല്ല,
യഹൂദരുടേതല്ലാത്ത സകലസഭകളും
അവരോടു നന്ദിയുള്ളവരാണ്.
5അവരുടെ ഭവനത്തിൽ കൂടിവരുന്ന
സഭയെയും അഭിവാദനം ചെയ്യുവിൻ.

[a] 21യെശയ്യാവ് 52:15

ഏഷ്യ പ്രവിശ്യയിൽ ക്രിസ്തുവിലാദ്യ
ഫലമായവനും എൻെറ പ്രിയ സ്നേഹി
തനുമായ എപ്പൈനത്തൊസിനു
വന്ദനം പറയണം.
6നിങ്ങൾക്കുവേണ്ടി വളരെ അദ്ധ്വാനി
ച്ച മറിയയ്ക്കു വന്ദനം പറയണം.
7എന്നോടുകൂടെ ജയിലിൽ ഉണ്ടായി
രുന്ന എൻെറ ചാർച്ചക്കാരായ അന്ത്രൊ
നിക്കൊസിനെയും യൂനിയാവിനെയും
അഭിവാദനം ചെയ്യുക. അവർ അപ്പൊ
സ്തലരിൽ മികച്ചവരും എന്നെക്കാൾ
മുമ്പേ ക്രിസ്തുവിൽ വിശ്വസിച്ചവരു
മാണ്.
8ഞാൻ കർത്താവിൽ സ്നേഹിക്കുന്ന
അംപ്ലിയാത്തൊസിനു വന്ദനം പറയുക.
9ക്രിസ്തുവിൽ നമ്മുടെ കൂട്ടുവേലക്കാ
രനായ ഉർബാനൊസിനും എൻെറ പ്രി
യമിത്രമായ സ്താക്കുവിനും വന്ദനം
പറയണം.
10ക്രിസ്തുവിൽ അംഗീകാരയോഗ്യ
നായ അപ്പെലേസിനെ അഭിവാദനം
ചെയ്യുക. അരിസ്തൊബുലോസിൻെറ
ഭവനത്തിലുള്ളവരെ വന്ദനം ചെയ്യുക.
11എൻെറ ബന്ധുവായ ഹെരോദിയോ
നു വന്ദനം പറയുക. നർക്കിസ്സൊ
സിൻെറ ഭവനത്തിൽ, കർത്താവിൽ വി
ശ്വസിക്കുന്നവരെ അഭിവാദനം
ചെയ്താലും.
12കർത്താവിൽ അത്യധ്വാനം ചെയ്യുന്ന
ത്രുഫൈന, ത്രുഫോസെ എന്നീ വനി
തകളെ അഭിവാദനം ചെയ്യുവിൻ.
കർത്താവിനുവേണ്ടി വളരെയേറെ
പ്രവർത്തിക്കുന്ന എൻെറ പ്രിയസ്
നേഹിത പെർസിസിനു വന്ദനം
പറയണം.
13കർത്താവിൽ തിരഞ്ഞെടുക്ക
പ്പെട്ടവരായ രൂഫോസിനെയും എനി
ക്കും അമ്മയായ അവൻെറ അമ്മ
യെയും അഭിവാദനം ചെയ്യുവിൻ.
14അസുംക്രിതൊസിനും പ്ലെഗോനും
ഹെർമ്മോസിനും പത്രൊബാസിനും
ഹെർമാസിനും കൂടെയുള്ള സഹോ
ദരർക്കും വന്ദനം ചൊല്ലുക.
15ഫിലൊലോഗൊസിനും
യൂലിയെയ്ക്കും നെരെയുസിനും
അവൻെറ സഹോദരിക്കും ഒലുമ്പാ
സിനും അവരോടുകൂടെയുള്ള സകല
വിശുദ്ധർക്കും വന്ദനം പറയണം.
16എല്ലാവരും വിശുദ്ധചുംബനത്താൽ
പരസ്പരം അഭിവാദനം ചെയ്യുവിൻ.
ക്രിസ്തുവിൻെറ സകലസഭകളും
നിങ്ങൾക്ക് ആശംസകൾ അയയ്
ക്കുന്നു.
17സഹോദരരേ, നിങ്ങൾ പഠിച്ച ഉപദേശ
ത്തിനു വിപരീതമായി നിങ്ങളുടെ ഇടയിൽ
ഭിന്നിപ്പ് ഉണ്ടാക്കുകയും ഇടർച്ച വരുത്തുകയും
ചെയ്യുന്നവരെ സൂക്ഷിച്ചുകൊള്ളണമെന്ന്
ഞാൻ നിർബ്ബന്ധമായി ആവശ്യപ്പെടുന്നു.
അവരിൽനിന്ന് അകന്നു നിന്നുകൊള്ളണം.
18അവർ നമ്മുടെ കർത്താവായ ക്രിസ്തു
വിനെയല്ല, സ്വന്തം വയറിനെയാണു സേവി
ക്കുന്നത്. ചക്കരവാക്കും മുഖസ്തുതി
യുംകൊണ്ട് അവർ ശുദ്ധഗതിക്കാരുടെ
ഹൃദയങ്ങളെ വഞ്ചിച്ചുകളയുന്നു. 19നിങ്ങളുടെ
അനുസരണത്തെപ്പറ്റി എല്ലാവരും കേട്ടിരി
ക്കുന്നു. അതുകൊണ്ട് എനിക്കു നിങ്ങളെ സം
ബന്ധിച്ചു വളരെ സന്തോഷമുണ്ട്; എന്നാൽ നി
ങ്ങൾ നന്മയെക്കുറിച്ചു അറിവുള്ളവരും തിന്മ
യെ സംബന്ധിച്ച് നിഷ്കളങ്കരും ആയിരിക്കണ
മെന്നു ഞാൻ ആഗ്രഹിക്കുന്നു.
20 സമാധാനത്തിൻെറ ദൈവം വേഗത്തിൽ
സാത്താനെ നിങ്ങളുടെ കാൽക്കീഴിൽ ചതച്ചു
കളയും. നമ്മുടെ കർത്താവായ യേശുവിൻെറ
കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.
21എൻെറ സഹപ്രവർത്തകനായ തിമൊഥെ
യൊസും ബന്ധുക്കളായ ലൂക്ക്യൊസും യാസോ
നും സോസിപത്രൊസും നിങ്ങളെ അഭിവാദനം
ചെയ്യുന്നു. 22ഈ ലേഖനത്തിൻെറ കൈപ്പടക്കാ
രനായ തെർത്ത്യൊസ് എന്ന ഞാനും കർത്താ
വിൽ നിങ്ങളെ അഭിവാദ്യം ചെയ്യുന്നു. 23എനി
ക്കും ഇവിടുത്തെ സഭയ്ക്കു മുഴുവനും ആതി
ഥ്യം നല്കുന്ന ഗായൊസ് തൻെറ ആശംസകൾ
നിങ്ങൾക്ക് അയയ്ക്കുന്നു.
24നമ്മുടെ കർത്താവായ യേശുക്രിസ്തു
വിൻെറ കൃപ നിങ്ങളോടെല്ലാവരോടുംകൂടെ
ഉണ്ടായിരിക്കട്ടെ. നഗരത്തിലെ പൊതുമരാ
മത്തിൻെറ അധികാരിയായ എരസ്തൊസും
നമ്മുടെ സഹോദരനായ ക്വർത്തൊസും
നിങ്ങൾക്ക് ആശംസകൾ അയയ്ക്കുന്നു.
25അനേകയുഗങ്ങളായി മറഞ്ഞിരുന്നതും
ഇപ്പോൾ വെളിപ്പെട്ടിരിക്കുന്നതുമായ മർമ്മം, നി
ത്യദൈവത്തിൻെറ നിയോഗത്താൽ സകല
ജനങ്ങൾക്കും, വിശ്വാസത്തിൻെറ അനു
സരണത്തിനായി പ്രവാചകന്മാരുടെ എഴുത്തു
കളിലൂടെ വെളിപ്പെട്ടു. 26എൻെറ
സുവിശേഷവും യേശുക്രിസ്തുവിനെക്കുറി
ച്ചുള്ള പ്രസംഗവും മുഖേന ഏകനും സർ
വ്വജ്ഞനുമായ ദൈവത്തിന് നിങ്ങളെ വിശ്വാ
സത്തിൽ സ്ഥിരപ്പെടുത്തുവാൻ കഴിയും.
27അവിടുത്തേക്ക് യേശുക്രിസ്തുവിലൂടെ
എന്നെന്നേക്കും മഹത്ത്വം ഉണ്ടാകട്ടെ,
ആമേൻ